348/2014
30-07-2014

# ഇടയലേഖനം-132

## ജേക്കബ് മനത്തോടത്ത്

ദൈവത്തിന്റെ കാരുണ്യത്താലും അനുഗ്രഹത്താലും
**പാലക്കാട് രൂപതയുടെ മെത്രാൻ**
**മാർ ജേക്കബ് മനത്തോടത്ത്**
രൂപതാംഗങ്ങളായ വൈദികർക്കും സന്യസ്തർക്കും
സഹോദരീസഹോദരന്മാർക്കും കുട്ടികൾക്കും എഴുതുന്നത്.

**മിശിഹായിൽ പ്രിയപ്പെട്ടവരെ,**

2014 അന്താരാഷ്ട്ര കുടുംബ കൃഷിവർഷ(International Year of Farming)മായി ഐക്യരാഷ്ട്രസഭ പ്രഖ്യാപിച്ചിരിക്കുകയാണല്ലോ. കുടുംബകൃഷിയുടെ പ്രാധാന്യവും മഹത്വവും ആവശ്യവും ആഴത്തിൽ മനസ്സിലാക്കുവാനും നമ്മുടെ നാട്ടിൽ വർഷങ്ങളായി നിലനിന്നതും എന്നാൽ ക്രമേണ കൈവിട്ടതുമായ കുടുംബകൃഷി സംസ്കാരത്തിന്റെ നന്മകൾ തിരിച്ചെടുക്കുവാനുമുള്ള അവസരമായി കുടുംബകൃഷി വർഷത്തെ നാം കാണണം. അതിനുവേണ്ട നടപടികൾ നമ്മൾ സ്വീകരിക്കണം.

പൊതുവെ കൃഷിയോടുള്ള താല്പര്യവും ആഭിമുഖ്യവും കർഷകർക്കുതന്നെ നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. അതിന്റെ കാരണം കൃഷിമേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളാണ്. അവയിൽ പ്രധാനപ്പെട്ടവ പ്രകൃതിക്ഷോഭങ്ങളും വിളകളെ ബാധിക്കുന്ന നിരവധി രോഗങ്ങളും കാലാവസ്ഥാ വ്യതിയാനങ്ങളും തൊഴിലാളികളുടെ ലഭ്യതകുറവും ഉല്പന്നങ്ങളുടെ വിലക്കുറവും താങ്ങാനാവാത്ത കൂലിചിലവുകളും കാട്ടുമൃഗങ്ങളുടെ നിരന്തര ശല്യങ്ങളും ആണ്. തന്മൂലം കൃഷിക്കാരുടെ മക്കളിൽ പലരും കൃഷിവിട്ട് മറ്റു മേഖലകളിലേയ്ക്ക് തിരിയുകയാണ്. തൽഫലമായി ഒരുകാലത്ത് കനകം വിളഞ്ഞിരുന്ന കൃഷിഭൂമികൾ ഇന്ന് പലയിടത്തും ഉപയോഗശൂന്യമായി കിടക്കുന്നു.





മേൽപറഞ്ഞ പ്രതിസന്ധികളെ തരണം ചെയ്യുവാൻ പരസ്പരപ്രോത്സാഹനവും പിൻബലവും നൽകുന്ന കൂട്ടായ പ്രവർത്തനങ്ങൾ കാർഷിക മേഖലയിൽ ആവശ്യമാണ്. കർഷക സംഘടനകൾക്ക് ഈ രംഗത്ത് കാര്യമായ നേതൃത്വം നൽകാനാകും. സംഘടിത സമ്മർദ്ദങ്ങളും ബോധവൽക്കരണ പരിപാടികളും ഇതിന്റെ ഭാഗമായി ഉണ്ടാകണം. ശാസ്ത്രീയകൃഷിരീതികളെ സംബന്ധിച്ച ചർച്ചകളും ക്ലാസ്സുകളും കുടുംബയൂണിറ്റ് ഇടവക തലങ്ങളിൽ സംഘടിപ്പിക്കുകയും യുവതലമുറയെ കൃഷിയിൽ താല്പര്യമുള്ള വരാക്കി മാറ്റുകയും ചെയ്യണം. കൃഷിയെ ഒരു ഉപജീവനമാർഗ്ഗമായി മാത്രം കാണാതെ മണ്ണിനെയും പ്രകൃതിയെയും സ്നേഹിക്കാനും അതിലടങ്ങിയിരിക്കുന്ന ആദ്ധ്യാത്മികത മനസ്സിലാക്കുവാനും നമുക്ക് കഴിയണം. നെറ്റിയിലെ വിയർപ്പുകൊണ്ട് ഭക്ഷണം സമ്പാദിക്കുക എന്ന ദൈവകല്പന പ്രധാനമായും കൃഷിയുമായി ബന്ധപ്പെട്ട താണല്ലോ. അതു ചുരുക്കം ചിലർക്കുമാത്രമല്ല, എല്ലാവർക്കും ബാധകവുമത്രേ. സകല മനുഷ്യർക്കും അന്നന്നുവേണ്ടുന്ന ആഹാരം നൽകുന്ന ദൈവത്തിന്റെ പ്രവർത്തിയിൽ സഹകാരികളാകുവാൻ ഭൂമിയാകുന്ന തോട്ടത്തിലെ കൃഷി ദൈവം നമ്മെ ഏൽപ്പിച്ചിരിക്കുകയാണ്.

അന്താരാഷ്ട്ര കുടുംബ കൃഷിവർഷം പ്രമാണിച്ച് കുടുംബ കൃഷിയുടെ പ്രാധാന്യത്തെപ്പറ്റിമാത്രമാണ് ഞാൻ പ്രതിപാദിക്കുന്നത്. കുടുംബത്തോടും വീടിനോടും ബന്ധപ്പെട്ട് നടത്തിയിരുന്ന പലതരം കൃഷികളെ നമുക്ക് ഓർമ്മിക്കുവാൻ സാധിക്കും. ഒരു ആദായമാർഗ്ഗം എന്നതിനെക്കാൾ കുടുംബത്തിനാ വശ്യമായ പച്ചക്കറികളും പഴവർഗ്ഗങ്ങളും സ്വന്തമായി ഉല്പാദിപ്പിക്കുക എന്നതായിരുന്നു അവയുടെ ലക്ഷ്യം. കോഴി, മുയൽ, ആട്, പശു തുടങ്ങിയ വീട്ടുമൃഗങ്ങളും പല കുടുംബങ്ങളിലും ഉണ്ടായിരുന്നു. കൃഷിയും മൃഗസംരക്ഷണവും സംയോജിച്ചുള്ള പ്രവർത്തന ശൈലിയാണ് കുടുംബങ്ങളിൽ നിലനിന്നിരുന്നത്. പുരുഷന്മാരും സ്ത്രീകളും കുട്ടികളും കുടുംബകൃഷിയിൽ പങ്കുചേർന്നിരുന്നു. കുടുംബത്തിന്റെ മൊത്തം പങ്കാളിത്തം അവിടെ ഉണ്ടായിരുന്നു. കുടുംബാംഗങ്ങൾക്ക് കൂടുതൽ പരസ്പരം ബന്ധപ്പെടുന്നതിനും സഹകരിക്കുന്നതിനും അത് സഹായിക്കുകയും ചെയ്തിരുന്നു.

മുമ്പൊക്കെ സ്വന്തമായി കൃഷിചെയ്ത് അനുഭവിച്ചിരുന്ന ഭക്ഷ്യവിളകളിൽ നിന്ന് നാം വളരെ മാറി. റബറും കവുങ്ങും കുരുമുളകും ഏലവുമെല്ലാം നമുക്ക് ആവശ്യമാണ്. എന്നാൽ അതിന്റെ പേരിൽ ഭക്ഷ്യവിളകളെ നാം അവഗണിക്കരുത്. ഒരു കാലത്ത് നമ്മുടെ വിശപ്പടക്കിയ നെല്ല്, കപ്പ, കാച്ചിൽ, ചെറുകിഴങ്ങ്, ചേന, ചേമ്പ്, വാഴ, പയർവർഗ്ഗങ്ങൾ മറ്റു പച്ചക്കറികൾ എന്നിവയുടെ പ്രാധാന്യം നാം മറക്കരുത്. ഭക്ഷ്യവസ്തുക്കളുടെ ഉല്പാദനത്തിനാണ് കർഷകർ മുൻഗണന കൊടുക്കേണ്ടത്. കുറച്ചു കാലങ്ങളായി സാമ്പത്തിക നേട്ടങ്ങൾക്കുമാത്രം പ്രാധാന്യം നൽകികൊണ്ട് കൃഷിയെ ഒരു വ്യാപാരവും വ്യവസായവുമാക്കി മാറ്റിയതിന്റെ തിക്തഫലങ്ങൾ ഇന്നു നാം തിരിച്ചറിഞ്ഞുവരികയാണ്. വരുന്ന കാലങ്ങളിൽ ലോകം നേരിടാൻ പോകുന്ന മുഖ്യപ്രശ്നം ഭക്ഷ്യ ഉല്പന്നങ്ങളുടെ കുറവായിരിക്കുമെന്ന് വിദഗ്ധർ ഇതിനോടകം ചൂണ്ടികാണിച്ചു കഴിഞ്ഞു. ഈ സാഹചര്യത്തിൽ സാമ്പത്തിക ലാഭത്തേക്കാൾ ഭക്ഷ്യ വിളകൾക്ക് പ്രാമുഖ്യം നൽകികൊണ്ടുള്ള കൃഷിക്കാണ് മുൻഗണന നൽകേണ്ടത്.

കുടുംബകൃഷി ഉപേക്ഷിച്ചാലും ഭക്ഷ്യവസ്തുക്കൾ നമുക്ക് കിട്ടിയേ പറ്റൂ. സ്വന്തമായി നട്ടുവിളയിച്ച പച്ചക്കറികൾ കഴിക്കാൻ ഇല്ലാതെ വന്നപ്പോൾ വിഷലിപ്തമായ മറുനാടൻ പച്ചക്കറികളും മത്സ്യമാംസാദികളും വിലക്കുവാങ്ങി പലരും കഴിച്ചുതുടങ്ങി. ആരോഗ്യദായകവും രുചികരവുമായിരുന്ന പരമ്പരാഗത ഭക്ഷണ ക്രമങ്ങളുടെ സ്ഥാനത്ത് വിദേശഭക്ഷണക്രമങ്ങൾ കടന്നുവന്നു. വേണ്ടത്ര സമയമില്ല എന്ന കാരണം പറഞ്ഞ് വിശേഷാവസരങ്ങളിൽ പോലും ഹോട്ടലുകളിൽ പോയി കുടുംബസമേതം ഭക്ഷണം കഴിക്കുന്ന രീതി ചില സ്ഥലങ്ങളിൽ ആരംഭിച്ചു കഴിഞ്ഞു. ആവശ്യപ്പെടുന്ന സാധനങ്ങൾ വേഗം കിട്ടണമെന്നുള്ളവർക്ക് ഫാസ്റ്റ് ഫുഡും എപ്പോഴും ലഭ്യമായി. കഴിക്കുന്ന ആഹാരസാധനങ്ങൾ എത്രമാത്രം രാസവസ്തുക്കൾ ചേർത്തും കീടനാശിനികൾ പ്രയോഗിച്ചും തയ്യാറാക്കിയവയാണെന്നോ ആരോഗ്യത്തിന് ഹാനികരമായ രസക്കൂട്ടുകൾ ചേർത്താണെന്നോ ആരും ചിന്തിക്കാറില്ല. ഇന്ന് സർവ്വസാധാരണമായ കറിപൗഡറുകൾ പലതും ശരീരത്തിന് ദോഷകരമായ മായം വിവിധതോതിൽ ചേർക്കപ്പെട്ടവയാണ്. പരസ്യങ്ങളുടെ മാസ്മരിക





ശക്തിയിൽ മയങ്ങിപ്പോകുന്നവരായിരിക്കുന്നു മലയാളികളിൽ പലരും. ഇതിന്റെ ഫലമായി ഔഷധമായി തീരേണ്ട ഭക്ഷണം തന്നെ വിഷമായി മാറിക്കൊണ്ടിരിക്കുന്നു.

രാസവളങ്ങൾ ഉപയോഗിച്ചും കീടനാശിനികൾ പ്രയോഗിച്ചും ഉല്പാദിപ്പിക്കപ്പെടുന്ന പച്ചക്കറികളും പഴവർഗ്ഗങ്ങളും മറ്റു ഭക്ഷണ സാധനങ്ങളും കൂടിയ വിലകൊടുത്ത് വാങ്ങി ഭക്ഷിക്കുന്ന നമ്മൾ അവ മൂലമുണ്ടാകുന്ന രോഗങ്ങൾകൂടി വിലയ്ക്കു വാങ്ങുകയാണ്. കാൻസർപോലുള്ള മാരകരോഗങ്ങൾ ഇത്രമാത്രം വ്യാപകമായി തീർന്നതിന്റെ പ്രധാന കാരണം മേൽപ്പറഞ്ഞതരം ഭക്ഷ്യ വസ്തുക്കളുടെ ഉപയോഗമാണ്. ഇന്ന് ചന്തയിൽകിട്ടുന്ന എല്ലാവിധ ഭക്ഷ്യ ഉല്പന്നങ്ങളും വിഷലിപ്തമാണ്. അല്ലാത്തവ മാത്രം കഴിച്ചുജീവിക്കുക പ്രായോഗികമല്ലാതായി. അല്പാല്പം വിഷം ഭക്ഷ്യവസ്തുക്കളിലൂടെ അകത്താക്കുന്നതുകൊണ്ട് കുഴപ്പമില്ല എന്ന് ചിന്തിക്കേണ്ട സാഹചര്യമാണ് ഇന്നുള്ളത്.

ഭക്ഷ്യവിഷബാധയിൽ നിന്നു രക്ഷപ്പെടുന്നതിനുള്ള ഏറ്റവും സ്വീകാര്യമായ മാർഗ്ഗം സാധിക്കുന്നിടത്തോളം ഭക്ഷ്യസാധനങ്ങൾ ജൈവരീതിയിൽ സ്വന്തമായി കൃഷിചെയ്തുണ്ടാക്കുക എന്നതാണ്. സംരക്ഷിതാഹാരമായ പച്ചക്കറികൾ നമുക്ക് ഒഴിവാക്കാനാവില്ല. അതിനാൽ വീട്ടുവളപ്പിലെ പച്ചക്കറികൃഷിയ്ക്ക് വളരെ പ്രാധാന്യം നൽകേണ്ടതുണ്ട്. സ്ഥലപരിമിതിയിലുള്ള വീടുകളിൽ ചെടിച്ചട്ടി, പ്ലാസ്റ്റിക്ക് ചാക്ക്, പോളിത്തീൻ കവർ എന്നിവയിൽ മണ്ണും മണലും ജൈവവളങ്ങളും ചേർത്തുണ്ടാക്കിയ മിശ്രിതം നിറച്ച് ടെറസ്സിൽ പച്ചക്കറി കൃഷി ചെയ്യാം. ആവശ്യമായ പച്ചക്കറികൾ സ്വന്തമായി ഉല്പാദിപ്പിക്കുവാൻ ഒന്നുമാത്രമെ ആവശ്യമുള്ളു. അല്പം പരിശ്രമവും നല്ലൊരു മനസ്സും.

കാലിവളർത്തൽ കൂടിച്ചേരുമ്പോഴാണ് കാർഷികവൃത്തി പൂർണ്ണമാകുന്നത്. നല്ലയിനം നാടൻ പശുക്കളെ സ്വന്തമാക്കുന്നതിലും വളർത്തുന്നതിലും അടുത്ത കാലത്ത് കണ്ടുവരുന്ന ഉത്സാഹം ശ്ലാഘനീയമാണ്. സമയവും സൗകര്യവുമുള്ളവർ കോഴി, മുയൽ, ആട്, മത്സ്യം തുടങ്ങിയവ വളർത്തുവാനും താല്പര്യമെടുക്കണം. ഇതിനെല്ലാം ആവശ്യമായ ബോധവൽക്കരണവും പരിശീലനവും

നിർദ്ദേശങ്ങളും രൂപതാ സാമൂഹിക സേവനവിഭാഗമായ പി.എസ്.എസ്.പി. നല്കുന്നുണ്ട്. നല്ലയിനം വളർത്തുമൃഗങ്ങൾ വിതരണം ചെയ്യുക, പാവപ്പെട്ട കർഷകർക്ക് കാർഷിക ആവശ്യങ്ങൾക്കായി നിസ്സാരവിലയ്ക്ക് ബാങ്ക് വായ്പ തരപ്പെടുത്തി കൊടുക്കുക, കർഷകർക്ക് ലഭിക്കേണ്ട ന്യായമായ ആനുകൂല്യങ്ങൾ നേടിയെടുക്കുവാൻ അവരെ സഹായിക്കുക തുടങ്ങിയവയും പി.എസ്.എസ്.പി. ചെയ്യുന്നുണ്ട്. ഈ സൗകര്യങ്ങൾ പ്രയോജന പ്പെടുത്തുവാൻ ബന്ധപ്പെട്ടവർ തയ്യാറായാൽ മാത്രം മതി. ഗുണമേന്മയും അത്യുല്പാദനശേഷിയുമുള്ള വിവിധയിനം വിത്തുകളും തൈകളും കൃഷിഭവൻ, കാർഷിക സർവ്വകലാശാല തുടങ്ങിയവ വഴി വിതരണം ചെയ്യപ്പെടുന്നുണ്ട്. ഇതേപ്പറ്റിയുള്ള അജ്ഞത കൊണ്ടാവണം ഈ സൗകര്യം പോലും പലരും പ്രയോജനപ്പെടുത്തുന്നില്ല.

ഭക്ഷ്യവിളകൾ കൃഷിചെയ്യുമ്പോൾ ജൈവകൃഷിയ്ക്കും പ്രകൃതികൃഷിയ്ക്കും പ്രാമുഖ്യം നൽകണം. സമ്മിശ്ര കൃഷിരീതിയാണ് അഭിലക്ഷണീയം. കൃഷി ആവശ്യങ്ങൾക്ക് ജൈവവളങ്ങളും കീടനിയന്ത്രണത്തിന് ജൈവമിശ്രിതങ്ങളും ഉപയോഗിച്ചാൽ കൃഷി ആദായകരമാകും. കുടുംബകൃഷി ആദായകരമായില്ലെങ്കിൽ പോലും വിഷമിക്കേണ്ടതില്ല. കാരണം അത് ആരോഗ്യകരമാണ്. ആരോഗ്യത്തിനല്ലേ നാം പ്രഥമ പരിഗണന കൊടുക്കേണ്ടത്.

ഭക്ഷ്യസുരക്ഷയുടെ ആധാരം കുടുംബകൃഷിയും ചെറുകിടകൃഷിയിടങ്ങളുമാണ്. ഇതേപറ്റിയുള്ള നവമായ അവബോധം നമുക്കുണ്ടാകണം. മുഖ്യധാരയിൽ നിന്ന് സ്ഥാനഭ്രംശം സംഭവിച്ചുപോയ വീട്ടുകൃഷിയ്ക്ക് അഥവാ കുടുംബകൃഷിയ്ക്ക് അർഹമായ സ്ഥാനം കുടുംബങ്ങളിൽ വീണ്ടും ലഭിക്കണം. വിഷ രഹിതവും പോഷകസമൃദ്ധവുമായ ഭക്ഷ്യോല്പാദനം അപ്പോൾ കുടുംബങ്ങളിൽ നടക്കും. അവ ഭക്ഷിക്കുന്ന നമ്മൾ ആരോഗ്യ മുള്ളവരാകും. ആരോഗ്യമുള്ള ഒരു തലമുറയെ സൃഷ്ടിക്കുവാൻ നമുക്ക് സാധിക്കും. കുടുംബകൃഷി വർഷത്തിന്റെ ലക്ഷ്യം അതാണ്. ആ ലക്ഷ്യപ്രാപ്തിയ്ക്കുപയുക്തമായ ഏതാനും പ്രായോഗിക നിർദ്ദേശ ങ്ങൾ കൂടി നൽകട്ടെ.





1. എല്ലാ വീടുകളിലും കുടുംബത്തിനാവശ്യമായ പച്ചക്കറികളെങ്കിലും കൃഷിചെയ്യാൻ ശ്രമിക്കുക.
2. കുടുംബാംഗങ്ങളെല്ലാവരും കുടുംബകൃഷിയിൽ ഒത്തുചേരാൻ ഉത്സാഹിക്കുക.
3. ജോലിക്കുപോകുന്നവർ ജോലി കഴിഞ്ഞ് വന്നതിനുശേഷം കുറച്ചു സമയം ഇതിനായി വിനിയോഗിക്കുക.
4. ഇടവക അടിസ്ഥാനത്തിൽ കുടുംബകൃഷിയിൽ ഏർപ്പെടുന്നവർക്ക് അർഹമായ പ്രോത്സാഹനം നൽകുക.
5 പള്ളികളിലും സ്ഥാപനങ്ങളിലും മാതൃകാ കൃഷിത്തോട്ടങ്ങൾ വളർത്തിയെടുക്കുക.

ഈ നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിച്ചുകൊണ്ട് കുടുംബകൃഷി വർഷാചരണം ഫലപ്രദമാക്കാൻ ഏവരും സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. നമ്മുടെ ഉദ്യമത്തെ ദൈവം അനുഗ്രഹിക്കട്ടെ.

നമ്മുടെ കർത്താവീശോമിശിഹായുടെ + കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും + പരിശുദ്ധാത്മാവിന്റെ സഹവാസവും + നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

യേശുവിൽ നിങ്ങളുടെ വത്സലപിതാവ്,

+ J. Manathodath

**മാർ ജേക്കബ് മനത്തോടത്ത്**

പാലക്കാട് രൂപതയുടെ മെത്രാൻ

---

NB: ഈ ഇടയലേഖനം **2014 ആഗസ്റ്റ് 10 -ാം തിയ്യതി** ഞായറാഴ്ച നമ്മുടെ രൂപതയിലെ എല്ലാ ദൈവാലയങ്ങളിലും അന്നേദിവസം ദിവ്യബലി അർപ്പിക്കപ്പെടുന്ന സ്ഥാപനങ്ങളിലും ദിവ്യബലി മധ്യേ വായിക്കേണ്ടതാണ്.

# തടവറ പ്രേഷിത ദിനം

**2014 ആഗസ്റ്റ് 10**

കർത്താവിൽ പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ,

സഹതടവുകാരനുവേണ്ടി സ്വജീവൻ ബലിയർപ്പിക്കാൻ മുന്നോട്ടുവന്ന വിശുദ്ധ മാക്സ്മില്യൻ കോൾബേയുടെ തിരുനാളിന് (ആഗസ്റ്റ് 14) മുമ്പുള്ള ഞായർ ഇക്കൊല്ലം (അത് ആഗസ്റ്റ് 10 ആണ്) തടവറപ്രേഷിതദിനമായി ആചരിക്കുന്നു. ബന്ധനത്തിൽ കഴിയുന്ന ആളുകളോടും അവരുടെ ക്ലേശിക്കുന്ന കുടുംബാംഗങ്ങളോടും ക്രൈസ്തവർക്ക് ഉണ്ടായിരിക്കേണ്ട കടമകളെക്കുറിച്ച് ചിന്തിക്കാൻ ഈ ദിവസം ഇടയാകണം.

ബന്ധനസ്ഥർക്കും കുറ്റകൃത്യങ്ങൾമൂലം ഏതെങ്കിലും തരത്തിൽ ദുരിതമനുഭവിക്കുന്നവർക്കും ശുശ്രൂഷ ചെയ്യാൻ നമ്മുടെ വിശ്വാസം നമ്മോടാവശ്യപ്പെടുന്നുണ്ട്. ജയിലുകളിൽ കഴിയുന്ന നമ്മുടെ സഹോദരങ്ങളിൽ യേശുവിന്റെ മുഖം കാണണം. 'ഞാൻ കാരാഗൃഹത്തിലായിരുന്നു, നിങ്ങൾ എന്നെ സന്ദർശിച്ചു' (മത്താ 25:36) എന്നാണ് യേശു പറയുന്നത്. നമ്മെ നിത്യസമ്മാനത്തിന് അർഹമാക്കുന്ന കാരുണ്യപ്രവൃത്തികളിൽ ഒന്നാണിത്. "തടവറക്കാരുടെ കൂടെയാണ് യേശു, പുറത്തല്ല" എന്ന് ഫ്രാൻസിസ് മാർപാപ്പാ പറയുന്നത് ചിന്തനീയമാണ്. അനീതി നിറഞ്ഞ വ്യവസ്ഥിതിയുടെ ഫലമായി, ഏറ്റവും ദുർബലർ ശിക്ഷിക്കപ്പെടുകയും "വലിയ മത്സ്യങ്ങൾ" സ്വതന്ത്രമായി വിഹരിക്കുകയും ചെയ്യുന്നുവെന്നും പാപ്പാ പറയുന്നു. തത്ഫലമായി കർത്താവ് ഇന്നും തടവറയിൽ കഴിയാനിടയാകുന്നു. അവിടന്ന് അന്യായമായി തടവറയിൽ കഴിയേണ്ടി വന്നവനാണല്ലോ.

ഇന്ത്യൻ ജയിലുകളിൽ രണ്ടു ലക്ഷത്തിലേറെ തടവുകാരുണ്ടെന്നാണ് കണക്ക്. വിചാരണത്തടവുകാരിൽ 60 ശതമാനത്തോളം നിരപരാധികളാണെന്നും കണക്കാക്കപ്പെടുന്നു. കേരളത്തിന്റെ കാര്യവും വ്യത്യസ്തമല്ല. 4663 തടവുകാരിൽ 1632 പേർ ഒരു കുറ്റവും ചെയ്യാതെ ജയിലിൽ കഴിയുന്നവരാണെന്നു മാധ്യമങ്ങൾ രേഖപ്പെടുത്തുന്നു. ജയിലിലുള്ളവരെക്കാൾ കൂടുതൽ അവിടെയായിരിക്കാൻ കാരണമുള്ളവർ പുറത്തായിരിക്കുന്നതിൽ ഫ്രാൻസിസ് മാർപാപ്പാ അത്ഭുതപ്പെട്ടിട്ടുണ്ട്. എല്ലാവർക്കുമുള്ള ദൗർബല്യം ഒന്നുപോലെയാണ്. ജയിലിലുള്ളവർ വീണുപോയവരും നാം വീഴാതിരിക്കുന്നവരുമാകുന്നത് ഒരു വലിയ രഹസ്യമാ





ണ്. ബന്ധനസ്ഥർക്കുവേണ്ടി പ്രാർത്ഥിക്കാനും അവർക്കു ശുശ്രൂഷ ചെയ്യാനും അവരെ സന്ദർശിച്ച് ആശ്വസിപ്പിക്കാനും ഇതു നമ്മെ പ്രേരിപ്പിക്കേണ്ടതല്ലേ?

കുറ്റക്കാരെ കർശനമായി നേരിടണമെന്നും അവർക്കു കഠിനമായ ശിക്ഷ നല്കണമെന്നും ചിന്തിക്കുന്നവരാണ് ഭൂരിഭാഗം ആളുകളും. കുറ്റങ്ങൾ കുറയ്ക്കാൻ അതാണ് വേണ്ടതെന്ന് അവർ കരുതുന്നു. പ്രത്യേകിച്ച്, ആക്രമണത്തിന് വിധേയരായവരുടെ അവകാശങ്ങളോടുള്ള താത്പര്യവും അവരോടുള്ള അനുകമ്പയും കുറ്റവാളികളോട് ഒരു പ്രതികാരമനോഭാവം ഉണർത്തുന്നു. ഈ സാഹചര്യത്തിൽ കുറ്റംചെയ്യുന്നവരോടുള്ള കത്തോലിക്കരുടെ പ്രതികരണമെന്തായിരിക്കണം? ഉത്തരം ഇതാണ്: സുവിശേഷമൂല്യങ്ങളാൽ നയിക്കപ്പെടാൻ അവർ തയ്യാറാകണം.

എല്ലാ വ്യക്തികളുടെയും അടിസ്ഥാനമഹത്ത്വം അംഗീകരിക്കണമെന്നും ആദരിക്കണമെന്നും യേശുവിന്റെ സുവിശേഷം ആവശ്യപ്പെടുന്നുണ്ടല്ലോ. ഒരാളുടെ സാമൂഹികാവസ്ഥയോ കഴിഞ്ഞകാലപ്രവർത്തനമോ ഇപ്പോഴത്തെ അവസ്ഥയോ ഒക്കെ എന്തായിരുന്നാലും അയാൾ മഹത്ത്വമുള്ളവനാണ്, മഹത്ത്വമുള്ളവളാണ്. ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടിരിക്കുന്നതിൽ നിന്നുവരുന്ന മഹത്ത്വമാണിത് (ഉത്പ 1:27). മനുഷ്യന്റെ പാപം പോലും ആ മഹത്ത്വം ഇല്ലാതാക്കുന്നില്ല. വ്യവസ്ഥയില്ലാതെ ദൈവം നമ്മെ സ്നേഹിക്കുന്നതിന്റെ അർത്ഥമിതാണ്. അവിടന്നു നീതിമാന്മാരുടെ മേലും നീതിരഹിതരുടെ മേലും ഒന്നുപോലെ മഴ പെയ്യിക്കുന്നവനാണ് (cf. മത്താ 5:45). അതിനാൽ, കുറ്റവാളികൾ പോലും അവരുടെ അസ്തിത്വത്തിന്റെ കേന്ദ്രത്തിൽ നിർവചിക്കപ്പെടേണ്ടത് അവരുടെ കുറ്റകൃത്യങ്ങളാലല്ല, മറിച്ച് മനുഷ്യവ്യക്തികൾ എന്ന നിലയിലാണ്. മറ്റു മനുഷ്യരോടൊപ്പം മഹത്ത്വത്തോടെ അവർ ആദരിക്കപ്പെടണം. പാപത്തെ വെറുക്കുമ്പോഴും പാപിയെ സ്നേഹിക്കാൻ നാം കടപ്പെടുന്നത് അതുകൊണ്ടാണ്.

ദരിദ്രരും പാർശ്വവത്കരിക്കപ്പെട്ടവരും കൂടുതലായി ജയിലിൽ കാണുന്നുവെന്നത് ഒരു യാഥാർത്ഥ്യമാണ്. സാമൂഹികവും സാമ്പത്തികവുമായ താഴ്ന്ന അവസ്ഥയും കുറ്റകരമായ പ്രവൃത്തിയും തമ്മിലുള്ള ബന്ധം നാം പഠനവിഷയമാക്കേണ്ടതാണ്. വെറും കുറ്റവും ശിക്ഷയും എന്ന തലത്തിൽ മാത്രം ഇതിനെ കണ്ടാൽ പോരാ എന്നർത്ഥം. ജയിൽ ശുശ്രൂഷ ഇക്കാര്യം പ്രത്യേകം പരിഗണിക്കണം. കുറ്റകൃത്യങ്ങളാൽ ഇരയാക്കപ്പെട്ടവരുടെ കാര്യവും നാം ഗൗരവപൂർവം പരിഗണിക്കേണ്ടതാണ്. അവരുടെ മഹത്ത്വവും പാവനതയും ആണല്ലോ ആദ്യം ആക്രമിക്കപ്പെടുന്നത്.

എന്നാൽ, കുറ്റം ചെയ്തവരുടെ പാവനത ലംഘിച്ചുകൊണ്ട് അതിന് പരിഹാരം കാണാനാവില്ല. കുറ്റത്താൽ മങ്ങലേറ്റ മഹത്ത്വം അവരിൽ പുനരുദ്ധരിക്കാനുള്ള ശ്രമമാണ് ഉണ്ടാകേണ്ടത്.

താൻ കണ്ടുമുട്ടിയ എല്ലാ പാപികളുടെയും മാനസാന്തരം ഈശോ ആവശ്യപ്പെടുന്നത് നാം സുവിശേഷത്തിൽ വായിക്കുന്നുണ്ട്. അവരുടെ മനുഷ്യത്വത്തിന്റെ പൂർണത അവിടന്ന് ആഗ്രഹിച്ചു. വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീയോടുള്ള ഈശോയുടെ വാക്കുകൾ തന്നെ ശ്രദ്ധിക്കുക: "ഞാനും നിന്നെ വിധിക്കുന്നില്ല. മേലിൽ പാപം ചെയ്യരുത്" (യോഹ 8:11). കൃപയാൽ, അതായത് ദൈവസ്നേഹത്താൽ, സ്പർശിക്കപ്പെടുമ്പോൾ ആളുകൾ പരിവർത്തിതരാകുമെന്നത് ക്രൈസ്തവവിശ്വാസത്തിന്റെ അടിസ്ഥാന ബോധ്യമാണ്. നല്ല കള്ളന്റെ സംഭവം തന്നെ ഒന്നാംതരം ഉദാഹരണം (cf. ലൂക്കാ 23:39-43). അതിനാൽ, തടവറശുശ്രൂഷ കുറ്റവാളികളിൽ പ്രത്യാശ വളർത്തലാണ്. പ്രതീക്ഷ ഇല്ലാതിരുന്നാൽ, ആളുകൾ തങ്ങളുടെ തന്നെ ഭൂതകാലത്തിൽ അടയ്ക്കപ്പെടും; കുറ്റവാളികൾ തങ്ങളുടെതന്നെ അക്രമത്തിൽ ബന്ധിതരാകും.

മാനസികമായി വല്ലാതെ സംക്ഷോഭിതരും തങ്ങൾക്കു തന്നെയും മറ്റുള്ളവർക്കും അപകടകാരികളുമായ ചിലരുണ്ടാകാം. അവരെ പൊതുസമൂഹത്തിൽനിന്ന് മാറ്റിനിറുത്തുക ആവശ്യവുമാകാം. എന്നാൽ, ഭൂരിഭാഗം കുറ്റവാളികളും ഇങ്ങനെയുള്ളവരല്ല. ജയിൽവാസം അവർക്കു തങ്ങളെത്തന്നെ തിരുത്താനുള്ള അവസരമാണ് നല്കേണ്ടത്. വളഞ്ഞത് നേരെയാക്കുക, ബലഹീനമായതിനെ ശക്തമാക്കുക, മാനുഷികമല്ലാതായിത്തീർന്നതിനെ മാനുഷികമാക്കുക എന്നൊക്കെയാണ് തിരുത്തൽകൊണ്ട് ഉദ്ദേശിക്കുന്നത്. ബോധവത്കരണം, വിദ്യാഭ്യാസം, ശിക്ഷണം, കൗൺസലിങ്, ആത്മീയസഹഗമനം എന്നിവ ജയിൽ പ്രോഗ്രാമുകളുടെ ഭാഗമായാലേ ഇതു സംഭവിക്കു. പക്ഷേ, നമ്മുടെ ജയിലുകൾ സമൂഹത്തെ കുറ്റവിമുക്തമാക്കാനോ കുറ്റവാളികളെ മാനസാന്തരപ്പെടുത്തി നല്ലവരാക്കാനോ കഴിയുംവിധം സജ്ജീകൃതമല്ലെന്നു മാത്രമല്ല, അവരെ കൊടുംക്രൂരരാക്കി മാറ്റുകയുമാണോ ചെയ്യുന്നതെന്ന് പരിചിന്തിക്കേണ്ടിയിരിക്കുന്നു. ഗവൺമെന്റ് ഇക്കാര്യത്തിൽ സത്വരശ്രദ്ധ കാണിക്കണം. കുറ്റവാളികളുടെ തിരുത്തലിനുവേണ്ട നയങ്ങളും നിയമങ്ങളും രൂപീകരിച്ച് നടപ്പാക്കുക ഒരു നല്ല ഗവൺമെന്റിന്റെ ഉത്തരവാദിത്വമാണ്. പൗരന്മാരും രാഷ്ട്രീയപ്രസ്ഥാനങ്ങളും അതിൽ സഹകരിക്കുകയും വേണം. മിക്ക ആളുകളും ഒരു ജയിൽ സന്ദർശിക്കുകയോ ജയിൽവാസികളെ നല്ല വഴിക്കു നയിക്കാൻ സഹായിക്കുകയോ ചെയ്യുന്നില്ല. നല്ല സമൂഹസൃഷ്ടിക്കുവേണ്ടി പ്രവർത്തിക്കാൻ എല്ലാവരും കടപ്പെട്ടി





ട്ടുണ്ട് എന്ന തിരിച്ചറിവോടെ പ്രവർത്തിക്കാൻ ഇക്കൊല്ലത്തെ തടവറദിനം ഇടയാകട്ടെ.

കഴിഞ്ഞ 28 വർഷമായി കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ ജസ്റ്റിസ് പീസ് ആന്റ് ഡെവലപ്മെന്റ് കമ്മീഷന്റെ കീഴിൽ പ്രവർത്തിക്കുന്ന തടവറപ്രേഷിതരുടെ കൂട്ടായ്മയായ ജീസസ് ഫ്രട്ടേണിറ്റി ജയിലിൽ കഴിയുന്നവരുടെയും ശിക്ഷ കഴിഞ്ഞിറങ്ങുന്നവരുടെയും നവീകരണത്തിനായി പ്രവർത്തിക്കുന്നു. കേരളത്തിലെ 52 ജയിലുകളും സന്ദർശിച്ച് ദിവ്യബലി, കൗൺസലിംങ്, ക്ലാസ്സുകൾ, കലാപരിപാടികൾ എന്നിവ സംഘടിപ്പിക്കുന്നു. കൂടാതെ, ജയിലിൽ കിടക്കുന്നവരുടെ ഭവനങ്ങൾ സന്ദർശിക്കുകയും അവരുടെ മക്കളുടെയും മറ്റു കുടുംബാംഗങ്ങളുടെയും വിദ്യാഭ്യാസത്തിനും വിവാഹത്തിനും സഹായഹസ്തം നീട്ടുകയും ചെയ്യുന്നു. കേരളത്തിൽ 13 പുനരധിവാസകേന്ദ്രങ്ങൾ ജീസസ് ഫ്രട്ടേണിറ്റിക്ക് ഉണ്ട്. ആശ്രമങ്ങൾ എന്ന് ഇവ അറിയപ്പെടുന്നു. പുതുജീവിതത്തിലേക്ക് ജയിൽ വിമുക്തരെ കൊണ്ടുവരികയാണ് ഇവയുടെ ലക്ഷ്യം. കേരളത്തിലെ എല്ലാ രൂപതകളിലും മേജർ സെമിനാരികളിലും ജീസസ് ഫ്രട്ടേണിറ്റി യൂണിറ്റുകൾ ഭംഗിയായി പ്രവർത്തിക്കുന്നുണ്ട്. സെമിനാരിക്കാർ ഈ രംഗത്ത് ചെയ്യുന്ന ശുശ്രൂഷ സ്തുത്യർഹമാണ്. അനേകം അല്മായരും സിസ്റ്റേഴ്സും ഈ പ്രവർത്തനത്തിൽ പങ്കുചേരുന്നു. അവർക്കെല്ലാം ഹൃദയപൂർവകമായ അനുമോദനങ്ങളും നന്ദിയും അർപ്പിക്കട്ടെ.

കൂടുതൽ ആളുകൾ ഈ രംഗത്തേക്ക് കടന്നുവരണമെന്ന് അഭ്യർത്ഥിക്കുന്നു. തടവറ പ്രേഷിതദിനത്തിൽ ഇടവകയിൽ എടുക്കുന്ന പിരിവ് കൊണ്ടാണ് ജീസസ് ഫ്രട്ടേണിറ്റിയുടെ ബഹുമുഖപ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നത്. ഈ വർഷവും ആ പിരിവ് നടത്തി പി.ഒ.സി.യിൽ പ്രവർത്തിക്കുന്ന ജീസസ് ഫ്രട്ടേണിറ്റി ഓഫീസിലേക്ക് അയച്ചുകൊടുക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു. എല്ലാവരുടെയും ഔദാര്യപൂർണമായ സഹകരണം ഇക്കാര്യത്തിൽ ഉണ്ടാവുകയും വേണം.

ജീസസ് ഫ്രട്ടേണിറ്റിക്ക് എല്ലാവിധ നന്മകളും നേരുന്നതോടൊപ്പം ആഗതമാകുന്ന ഭാരതസ്വാതന്ത്ര്യദിനം നമ്മെ യഥാർത്ഥ സ്വാതന്ത്ര്യത്തിലേക്കും നന്മയിലേക്കും നയിക്കട്ടെ എന്നു പ്രാർത്ഥിക്കുകയും ചെയ്യുന്നു.
ദൈവാനുഗ്രഹം നേർന്നുകൊണ്ട്,

ജീസസ്സ് ഫ്രട്ടേണിറ്റിക്കുവേണ്ടി,

**ആർച്ചുബിഷപ് തോമസ് മാർ കൂറിലോസ്**
ചെയർമാൻ, കെ.സി.ബി.സി. ജസ്റ്റീസ്, പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ



# 2014 BISHOP'S Engagements

**2014 August**

| | | |
|---|---|---|
| 2 | | St. Vincent De Paul Society Meeting, Pastoral Centre |
| 4 | | KCBC Meeting |
| 4-8 | | KCBC Bishops' Retreat |
| 9 | AM | Kaikars Meeting, Pastoral Centre |
| | PM | Good Shepherd Church, Kanjikode |
| 11 | AM | JIM Offset Press |
| 12 | AM | St. Thomas ITC, Kanjirapuzha |
| | PM | Assumption Convent, Kanjirapuzha |
| 13 | 4 PM | Presbyteral Council Meeting, Yuvakshetra |
| 13 | 6.30PM | Trimonthly, Yuvakshetra |
| 14 | | Trimonthly, Yuvakshetra |
| 15 | | Nemmara |
| 17 | | Dhoni |
| 18-30 | | Synod, Mount St. Thomas, Kakkanad |

**2014 September**

| | | |
|---|---|---|
| 1 | PM | St. Mary's Polytechnic College, Valliyode |
| 6 | 9.30AM | Ordination, St. Xavier Church, Mangalam Dam |
| 8-13 | | Priests' Retreat, Yuvakshetra, Mundur. |







# From the Bishop's Office

**മാർ ജോസഫ് ഇരിമ്പൻ – ചരമവാർഷികം**

രൂപതയുടെ ആരംഭം മുതൽ 1997 വരെ നമ്മുടെ ആത്മീയവും ഭൗതികവുമായ ഉന്നമനത്തിനുവേണ്ടി സ്നേഹ ശുശ്രൂഷചെയ്തു കടന്നുപോയ മാർ ജോസഫ് ഇരിമ്പൻ പിതാവിന്റെ 17–ാം ചരമവാർഷികം ആഗസ്റ്റ് 23–ാം തിയ്യതിയാണ്. രൂപതയുടെ റൂബിജൂബിലി ആഘോഷിക്കുന്ന ഈ അവസരത്തിൽ പിതാവിനെ നമുക്ക് സ്നേഹത്തോടും കൃതജ്ഞതയോടുംകൂടി അനുസ്മരിക്കാം. പിതാവിനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കാം. അന്നേദിവസമോ സൗകര്യപ്പെടുന്ന മറ്റൊരു ദിവസമോ പിതാവിന്റെ ആത്മശാന്തിക്കുവേണ്ടി ഇടവകകളിലും സ്ഥാപനങ്ങളിലും ദിവ്യബലിയർപ്പിക്കേണ്ടതാണ്.

**മാർ ജേക്കബ് മനത്തോടത്ത്**

**വൈദികരുടെ മാസധ്യാനം**

ആഗസ്റ്റ് മാസത്തിലെ വൈദികരുടെ മാസധ്യാനം അതാത് ഫൊറോനകളിൽ വെച്ച് നടത്തപ്പെടുന്നതാണ്.

**കൈക്കാരന്മാരുടെ സമ്മേളനം**

ഇടവകകളിലെ കൈക്കാരന്മാരുടെ സമ്മേളനം ആഗസ്റ്റ് 9–ാം തിയ്യതി ശനിയാഴ്ച 10.30ന് പാസ്റ്ററൽ സെന്ററിൽവച്ച് നടത്തുന്നതാണ്. എല്ലാ കൈക്കാരന്മാരെയും പ്രസ്തുത സമ്മേളനത്തിലേക്ക് ക്ഷണിക്കുന്നു. യോഗത്തിൽ സംബന്ധിക്കുന്നതിനു വേണ്ട നിർദ്ദേശങ്ങൾ ബഹു. വികാരിയച്ചന്മാർ ബന്ധപ്പെട്ടവർക്ക് നൽകേണ്ടതാണ്.

**പ്രസ്ബിറ്ററൽ കൗൺസിലും, ത്രൈമാസ സമ്മേളനവും**

ആഗസ്റ്റ് 13–ന് ബുധനാഴ്ച ഉച്ചതിരിഞ്ഞ് 4–മണിക്ക് പ്രിസ്ബിറ്ററൽ കൗൺസിലും 6.30–ന് ത്രൈമാസവും യൂവക്ഷേത്രയിൽ ക്രമീകരിച്ചിരിക്കുന്നു. എല്ലാ വൈദികരും അതിൽ സംബന്ധിക്കേണ്ടതാണ്.

**നിത്യാരാധന കപ്പേള**

**ആഗസ്റ്റ് 15** മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാൾ ആയതിനാൽ അന്നേദിവസം കപ്പേളയിൽ ആരാധനയും വിശുദ്ധ കുർബാനയും ഉണ്ടായിരിക്കുന്നതല്ല.

**വാർഷികധ്യാനം**

ബഹു. വൈദികരുടെ വാർഷികധ്യാനം യുവക്ഷേത്രയിൽവെച്ച് സെപ്റ്റംബർ 8-13 തിയ്യതികളിൽ നടത്തപ്പെടുന്നു. ധ്യാനം നയിക്കുന്നത് തിരുവനന്തപുരം മലങ്കര അതിരൂപതാ സഹായമെത്രാൻ സാമുവൽ മാർ ഇരണേയോസ് പിതാവായിരിക്കും.

## എപ്പാർക്കിയൽ അസംബ്ലി

രൂപതയുടെ പ്രഥമ അസംബ്ലി നവംബർ 10,11,12,13 തിയ്യതികളിൽ യുവക്ഷേത്രയിൽ വച്ച് നടത്തപ്പെടുകയാണല്ലോ. അതിനൊരുക്കമായി ചെയ്യേണ്ട ചില കാര്യങ്ങൾ ഓർമ്മിപ്പിക്കട്ടെ.

1. പഠനരേഖകൾ യൂണിറ്റുകളിൽ ചർച്ച ചെയ്ത് ഫൊറോന പ്രതിനിധിയെ ഏല്പിക്കണം. ഫൊറോന പ്രതിനിധിയായ അച്ചനും, ഫൊറോന വികാരിയുമായി ആലോചിച്ച് ഫൊറോനയുടെ റിപ്പോർട്ട് ആഗസ്റ്റ് 30 നു മുമ്പായി സെൻട്രൽ കമ്മിറ്റിയെ ഏല്പിക്കണം.

2. അസംബ്ലിയിൽ പങ്കെടുക്കേണ്ടതിന്, ഫൊറോന കൗൺസിലിൽ നിന്നും രൂപത കൗൺസിലിലേക്ക് തിരഞ്ഞെടുക്കപ്പെടുന്ന 5 പേരിൽ ഒരാളുടെ പേരും അഡ്രസ്സും ഫൊറോന വികാരി ആഗസ്റ്റ് 15 നു മുമ്പ് സെൻട്രൽ കമ്മിറ്റിയെ ഏല്പിക്കണം. സ്ത്രീ പ്രാതിനിധ്യം ഉറപ്പുവരുത്തുവാൻ മണ്ണാർക്കാട്, ഒറ്റപ്പാലം, ഒലവക്കോട്, തത്തമംഗലം ഫൊറോനകളിൽ നിന്നും സ്ത്രീ പ്രതിനിധികളെ ആയിരിക്കണം തിരഞ്ഞെടുക്കേണ്ടത്.

3. CMC, FCC, CHF, SABS, OP എന്നീ കോൺഗ്രിഗേഷനുകളുടെ മേജർ സുപ്പീരിയർമാർ ഈ അസംബ്ലിയിൽ പങ്കെടുക്കേണ്ടതാണ്.

4. രൂപതയിൽ പ്രൊവിൻസുകളില്ലാത്ത CSM, CSS, DDP, OSF കോൺഗ്രീഗേഷനുകളിൽ നിന്നുള്ള പ്രതിനിധികളുടെ പേരുവിവരം സെൻട്രൽ കമ്മിറ്റിക്ക് ആഗസ്റ്റ് 15 നു മുമ്പ് അറിയിക്കണം.

5. നമ്മുടെ രൂപതയിലെ സന്യാസസമൂഹങ്ങളിൽ അസംബ്ലിയുടെ വിജയത്തിനായി ഒരു മണിക്കൂർ ദിവ്യകാരുണ്യ ആരാധന നടത്തണം. അതിന്റെ സമയവിവരം ഓരോ സമൂഹത്തെയും അറിയിക്കുന്നതാണ്.

**ഫാ. ജോർജ്ജ് തുരുത്തിപ്പിള്ളി**

സെക്രട്ടറി, സെന്റ്രൽ കമ്മിറ്റി





## Diocesan Contributions given from parishes for the financial year 2013-2014

| No | Church | Therattu Fee | Poor Fund | Agriculture Therattu | DiocesanDay | MissionSunday | Maundy Thursday |
|---|---|---|---|---|---|---|---|
| 1 | Agali | | 9783.00 | | 12500.00 | 1000.00 | 6500.00 |
| 2 | Akamalavaram | 6981.00 | 1396.00 | 22581.00 | 2000.00 | 1000.00 | 1000.00 |
| 3 | Alanallur | 4233.00 | 847.00 | 4018.00 | 4241.00 | 2500.00 | |
| 4 | Alathur | | 2400.00 | 250.00 | 7000.00 | | 1000.00 |
| 5 | Alengad | 4711.00 | 942.00 | | 1000.00 | 1000.00 | 1000.00 |
| 6 | Anakkallu | 2465.00 | 493.00 | | 1000.00 | 1000.00 | 500.00 |
| 7 | Anamooly | | | | 1000.00 | 500.00 | 500.00 |
| 8 | Arappara | 10204.00 | 2041.00 | | 1000.00 | | 2000.00 |
| 9 | Arogyapuram | 23042.00 | 4608.00 | | 11371.00 | 9679.00 | 10000.00 |
| 10 | Baleswaram | | 670.00 | 3374.00 | | 500.00 | 2500.00 |
| 11 | Chandranagar | 17364.00 | 3473.00 | | 5000.00 | 2500.00 | 15000.00 |
| 12 | Cheenickapara | | | | | | |
| 13 | Cherpulassery | 4793.00 | 1059.00 | | 1700.00 | 1000.00 | 1000.00 |
| 14 | Chittadi (Marianagar) | 23116.00 | 4623.00 | 50.00 | 10000.00 | 2000.00 | 7500.00 |
| 15 | Chittadi (Mary Land) | 4513.00 | 903.00 | 2000.00 | 4400.00 | 300.00 | 3500.00 |

| | | | | | | | |
|---|---|---|---|---|---|---|---|
| 16 | Chittilancherry | 20250.00 | 4050.00 | | 5000.00 | 10000.00 | 5000.00 |
| 17 | Chittoor ATPY | | 3396.00 | 4065.00 | 8000.00 | 2000.00 | 4000.00 |
| 18 | Chittur PKD | 15770.00 | 3154.00 | | 4000.00 | 4000.00 | 2000.00 |
| 19 | Chulliyamkulam | 9891.00 | 1978.00 | 26363.00 | | | 3500.00 |
| 20 | Dhoni | 18939.00 | 3888.00 | 1939.00 | 8500.00 | 16350.00 | 8000.00 |
| 21 | Edathanattukara | 8336.00 | 1667.00 | 814.00 | 1000.00 | 1000.00 | 2000.00 |
| 22 | Elavampadam | 22970.00 | 4594.00 | 14576.00 | 20000.00 | 2000.00 | 15000.00 |
| 23 | Irumpakachola | 17837.00 | 3567.00 | | 5700.00 | 3000.00 | 1000.00 |
| 24 | Jellippara | | | | 15597.00 | | 19415.00 |
| 25 | Josegiri | 3214.00 | 643.0 | | 2000.00 | | 500.00 |
| 26 | Kadambur | 27371.00 | 5474.00 | | 10000.00 | | 2000.00 |
| 27 | Kadapara | 7983.00 | 1597.00 | | 6000.00 | 6500.00 | 5000.00 |
| 28 | Kairady | | | | | | |
| 29 | Kaithachira | 5259.00 | 1052.00 | 14574.00 | 1400.00 | 1400.00 | 500.00 |
| 30 | Kalla | 7028.00 | 1406.00 | 295.00 | 2000.00 | 1000.00 | 4000.00 |
| 31 | Kalladikode | 34965.00 | 6993.00 | 624.00 | 20000.00 | 20000.00 | 10000.00 |
| 32 | Kallekad | 9116.00 | 1823.00 | | 5000.00 | 5000.00 | 6200.00 |
| 33 | Kallepully | 10361.00 | 2172.00 | | 10380.00 | 1500.00 | 6500.00 |





| No | Church | Therattu Fee | Poor Fund | Agriculture Therattu | DiocesanDay | MissionSunday | Maundy Thursday |
|---|---|---|---|---|---|---|---|
| 34 | Kandamangalam | | 2496.00 | | 1000.00 | 500.00 | |
| 35 | Kanjikode | 38993.00 | 7799.00 | 128.00 | 30000.00 | 10000.00 | 15000.00 |
| 36 | Kanjirapuzha | 61724.00 | 12345.00 | 1296.00 | 50000.00 | 10000.00 | 10000.00 |
| 37 | Kanjirapuzha Dam | 8662.00 | 1732.00 | | 5000.00 | 4000.00 | |
| 38 | Kannambra | 6932.00 | 1536.00 | | 3500.00 | 4600.00 | |
| 39 | Karakurussi | 14816.00 | 3163.00 | | 4000.00 | 1000.00 | 6000.00 |
| 40 | Karapadam | 16856.00 | 3371.00 | 14447.00 | 12000.00 | 2000.00 | 20000.00 |
| 41 | Karara | 10757.00 | 2151.00 | | 750.00 | 1100.00 | 1200.00 |
| 42 | Karimba | 34916.00 | 6983.00 | 2768.00 | 24470.00 | 24000.00 | 7000.00 |
| 43 | Karimkayam | 8366.00 | 1673.00 | 2847.00 | 1500.00 | 1000.00 | 1000.00 |
| 44 | Katambazhipuram | 20389.00 | 4078.00 | 4859.00 | 15000.00 | 11000.00 | 20000.00 |
| 45 | Keralaserry | 8278.00 | 1656.00 | 11304.00 | 6000.00 | | 4000.00 |
| 46 | Kodunthirapally | 6632.00 | 1326.00 | | 2500.00 | 2500.00 | 2000.00 |
| 47 | Koduvayur | 2855.00 | 571.00 | | 1500.00 | 250.00 | 1870.00 |
| 48 | Kollengode | 4661.00 | 932.00 | 1962.00 | 7500.00 | 7685.00 | |
| 49 | Koonathara | | | | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| 50 | Kottapuram | | | | | 2500.00 | |
| 51 | Kottayi | | | | 2520.00 | 5000.00 | |
| 52 | Kozhinjampara | 9591.00 | 1918.00 | | 2950.00 | 3250.00 | 500.00 |
| 53 | Kulakkattukurussi | | | | | | |
| 54 | Kuruvampady | 10769.00 | 2154.00 | 2013.00 | 2000.00 | 1000.00 | 1000.00 |
| 55 | Malampuzha | 26214.00 | 5243.00 | 1142.00 | 17000.00 | 2000.00 | 4000.00 |
| 56 | Malampuzha South | 2806.00 | 187.00 | | 1000.00 | 500.00 | 1500.00 |
| 57 | Malayakam | 2631.00 | 526.00 | | 1000.00 | | 100.00 |
| 58 | Managalamdam | | 8169.00 | | 13180.00 | 5000.00 | 18555.00 |
| 59 | Mankurissy | 8465.00 | 2800.00 | | 5000.00 | 1500.00 | 3000.00 |
| 60 | Mannarkkad | 68142.00 | 13628.00 | 862.00 | 45000.00 | | 30000.00 |
| 61 | Maria Nagar MLPZ | | | | | | |
| 62 | Melarkode | 29778.00 | 5956.00 | 210.00 | 14000.00 | 9500.00 | 13000.00 |
| 63 | Mezhukumpara | 4388.00 | 878.00 | 15291.00 | 2000.00 | 2000.00 | 2000.00 |
| 64 | Moochankundu | 3578.00 | 716.00 | | 500.00 | 500.00 | 1000.00 |
| 65 | Mundur | | | | | | 4050.00 |
| 66 | Mylampully | | | | 18000.00 | 2000.00 | 10000.00 |
| 67 | Neethipuram | 12046.00 | 2409.00 | 860.00 | 6000.00 | 3000.00 | 10000.00 |





| No | Church | Therattu Fee | Poor Fund | Agriculture Therattu | DiocesanDay | MissionSunday | Maundy Thursday |
|---|---|---|---|---|---|---|---|
| 68 | Nelliyampathi | | | | 2000.00 | 1500.00 | |
| 69 | Nemmara | | 4723.00 | 475.00 | 15000.00 | 3000.00 | 6000.00 |
| 70 | Niravu | 3576.00 | 715.00 | 255.00 | 2000.00 | 500.00 | 2100.00 |
| 71 | Njarakode | 2351.00 | 470.00 | 1790.00 | 2200.00 | 750.00 | 2000.00 |
| 72 | Odamthode | 12946.00 | 2589.00 | 22755.00 | 1500.00 | 1000.00 | 2000.00 |
| 73 | Olavakode | 37930.00 | 7586.00 | 355.00 | 40000.00 | 7000.00 | 21000.00 |
| 74 | Olippara | 5795.00 | 1159.00 | | 1000.00 | 1000.00 | 5000.00 |
| 75 | Ottapalam | 15717.00 | 3143.00 | 2336.00 | 10000.00 | 1000.00 | 14000.00 |
| 76 | Padur | 2409.00 | 482.00 | 2977.00 | 1000.00 | 750.00 | 3500.00 |
| 77 | Palakkad | 58008.00 | 11602.00 | | 43623.00 | 25000.00 | 50000.00 |
| 78 | Palakkad Town | 26862.00 | 5372.00 | | 15000.00 | 10000.00 | 13100.00 |
| 79 | Palakkayam | 32129.00 | 6426.00 | | 10000.00 | 1000.00 | 10000.00 |
| 80 | Palakkuzhy | | 6147.00 | | | 5000.00 | |
| 81 | Palappuram | 6666.00 | 1333.00 | 79.00 | 3500.00 | 2500.00 | 3000.00 |
| 82 | Palliyara | 2707.00 | 541.00 | 195.00 | 2000.00 | 500.00 | 500.00 |
| 83 | Panamkutty | 5856.00 | 1171.00 | | 1000.00 | 1500.00 | |

| | | | | | | | |
|---|---|---|---|---|---|---|---|
| 84 | Panthalampadam | 28402.00 | 5680.00 | 1863.00 | 20000.00 | 10000.00 | 20000.00 |
| 85 | Paruthikkad | 5109.00 | 1022.00 | | 2980.00 | 11400.00 | |
| 86 | Pattambi | 6489.00 | 1298.00 | 142.00 | 1000.00 | 1000.00 | 2000.00 |
| 87 | Pazhambalakode | 4724.00 | 945.00 | 83.00 | 1500.00 | 800.00 | 4000.00 |
| 88 | Pombra | 24434.00 | 4887.00 | | 8000.00 | 1000.00 | 2000.00 |
| 89 | Ponkandam | | | 29216.00 | 4000.00 | 1000.00 | 8000.00 |
| 90 | Ponnamkode | | 10179.00 | 1358.00 | 40000.00 | 10000.00 | 30000.00 |
| 91 | Poonchola | 14888.00 | 2978.00 | 10896.00 | 2000.00 | 1000.00 | 3550.00 |
| 92 | Pothundy | | | | | | |
| 93 | Pulapatta | 10000.00 | 5000.00 | | 12000.00 | 1000.00 | 4000.00 |
| 94 | Puliyara | 8097.00 | 1619.00 | 1435.00 | 2000.00 | 1000.00 | 500.00 |
| 95 | Pullissery | 5480.00 | 1096.00 | 1100.00 | 4000.00 | 500.00 | 2500.00 |
| 96 | Puttanikkad | | | | | | |
| 97 | Rajagiri | 39003.00 | 7801.00 | 21579.00 | 40000.00 | 10000.00 | 31000.00 |
| 98 | Santhithadam | 1152.00 | 230.00 | | 250.00 | 250.00 | 250.00 |
| 99 | Sholayur | 6838.00 | 1368.00 | 1238.00 | 5000.00 | 500.00 | 3500.00 |
| 100 | Shornur | 23868.00 | 4774.00 | | 11725.00 | 5000.00 | 4000.00 |
| 101 | Sreekrishnapuram | | | | | | |
| 102 | Thachanadi | 5581.00 | 1116.00 | 547.00 | 500.00 | 500.00 | 1000.00 |





| No | Church | Therattu Fee | Poor Fund | Agriculture Therattu | DiocesanDay | MissionSunday | Maundy Thursday |
|---|---|---|---|---|---|---|---|
| 103 | Thathamangalam | 7287.00 | 1457.00 | 281.00 | 6500.00 | | 3000.00 |
| 104 | Thavalam | | 6682.00 | 875.00 | 20000.00 | 5000.00 | 17000.00 |
| 105 | Thiruvizhamkunnu | | 1910.00 | 3331.00 | 4490.00 | 2500.00 | 2000.00 |
| 106 | Thrithwamala | | | | 13370.00 | 12000.00 | 9568.00 |
| 107 | Unnimala | 5440.00 | 1088.00 | | 1000.00 | 500.00 | 500.00 |
| 108 | Vachanagiri | 9133.00 | 1827.00 | | 3500.00 | 2000.00 | |
| 109 | Vadakkencherry | 101238.00 | 20237.00 | | 60000.00 | 25000.00 | 18105.00 |
| 110 | Valkulambu | 7942.00 | 1588.00 | | 2000.00 | 1500.00 | |
| 111 | Valuparambu | | | | | | 250.00 |
| 112 | Vattapara | | | | | | |
| 113 | Vayaloor | 7094.00 | 2418.00 | | 5000.00 | 4000.00 | 1065.00 |
| 114 | Vazhikadavu | 3090.00 | 618.00 | | 1500.00 | 200.00 | 1500.00 |
| 115 | Vimalagiri | 4529.00 | 906.00 | 3947.00 | 3000.00 | 3500.00 | |
| 116 | Walayar | 4462.00 | 892.00 | | 1000.00 | 1000.00 | 1000.00 |
| 117 | Yakkara | 9543.00 | 1909.00 | | 1500.00 | 250.00 | 3000.00 |
| 118 | Salem | 25587.00 | 5117.00 | | 5000.00 | 2000.00 | 1100.00 |

## Names of priests who are to lead the adoration at Nithyaaraadhana Chapel, Palakkad.

| Date | Day | Name |
|---|---|---|
| 01-Sep-12 | MON | Rev. Fr. Mavunkal Jacob |
| 02-Sep-12 | TUE | Rev. Fr. Mundaplackal Sanoj |
| 03-Sep-12 | WED | Rev. Fr. Murickananickal Santhosh |
| 04-Sep-12 | THU | Rev. Fr. Muringakudiyil Biju |
| 05-Sep-12 | FRI | Rev. Fr. Naduvathaniyil Shyju |
| 06-Sep-12 | SAT | Rev. Fr. Nedumpurath Antony |
| 08-Sep-12 | MON | Rev. Fr. Jose Paul CMI |
| 09-Sep-12 | TUE | Rev. Fr. Joy Chalissery CMI |
| 10-Sep-12 | WED | Rev. Fr. Thomas Kalappurackal MST |
| 11-Sep-12 | THU | Rev. Fr. Vipin Elikkot CST |
| 12-Sep-12 | FRI | Rev. Fr. Vincent Chittilapally MCBS |
| 13-Sep-12 | SAT | Rev. Fr. Aneesh Cheruparambil CMI |
| 15-Sep-12 | MON | Rev. Fr. Olakkengil Viani |
| 16-Sep-12 | TUE | Rev. Fr. Ollukaran Vincent |
| 17-Sep-12 | WED | Rev. Fr. Palathinkal Abraham |
| 18-Sep-12 | THU | Rev. Fr. Pallineerakkal Jaimon |
| 19-Sep-12 | FRI | Rev. Fr. Panapparambil Joseph |
| 20-Sep-12 | SAT | Rev. Fr. Parayil Jijo |
| 22-Sep-12 | MON | Rev. Fr. Perumattil Antony |
| 23-Sep-12 | TUE | Rev. Fr. Perumbillil George |
| 24-Sep-12 | WED | Rev. Fr. Plathottathil Biju |
| 25-Sep-12 | THU | Rev. Fr. Plathottathil Jinse |
| 26-Sep-12 | FRI | Rev. Fr. Ponkattil Binu |
| 27-Sep-12 | SAT | Rev. Fr. Ponmani Jose |
| 29-Sep-12 | MON | Rev. Fr. Potteparambil Jose |
| 30-Sep-12 | TUE | Rev. Fr. Pulickathazhe Raju |

**NB: The Rev. Fathers are to reach the Adoration Chapel on the previous day at 3.00 p.m and do the ministry till 3.00 p.m on the given day.**





# വിശ്വാസപരിശീലനവേദി

Email: catechismpalghat@gmail.com, Website: www.catechismpalghat.org

**മതാദ്ധ്യാപക സെമിനാറുകൾ**

ഈ വർഷത്തെ മതബോധന വിഷയമായ **"ശിശുക്കൾ എന്റെ അടുത്തു വരാൻ അനുവദിക്കുവിൻ; അവരെ തടയരുത്"** (ലൂക്ക. 18:16) എന്നതിനെ ആസ്പദമാക്കി ഏകദിന സെമിനാറുകൾ എല്ലാ ഫൊറോനകളിലും സംഘടിപ്പിക്കുന്നു. ഈ അദ്ധ്യയനവർഷം നമുക്ക് കുട്ടികളെ യേശുവിന്റെ പക്കലേക്ക് നയിക്കുന്ന ഉത്തരവാദിത്വമുള്ള വഴികാട്ടികളായി മാറാം. **സെമിനാറുകൾ നടക്കുന്ന സ്ഥലവും തിയ്യതിയും ചുവടെ ചേർക്കുന്നു.**

| | | | |
|---|---|---|---|
| സെപ്റ്റം. 13 | ശനി | 9.30 am to 4.00 pm | മേലാർക്കോട് ഫൊറോന (ചിറ്റിലഞ്ചേരി പാരിഷ്ഹാൾ)<br>ഒലവക്കോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| സെപ്റ്റം. 15 | തിങ്കൾ | 9.30 am to 4.00 pm | താവളം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ഒക്ടോ. 11 | ശനി | 9.30 am to 4.00 pm | തത്തമംഗലം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| നവംബർ 8 | ശനി | 9.30 am to 4.00 pm | പാലക്കാട് ഫൊറോന (പാസ്റ്ററൽ സെന്റർ) |

**I & II HDC ഏകദിന സെമിനാറുകൾ**

HDC ക്ലാസ്സിലെ പഠനശേഷം വിശ്വാസപരിശീലന രംഗത്തു നിന്നും ഔദ്യോഗികമായി വിടപറയുന്ന നമ്മുടെ കുട്ടികൾക്ക് തങ്ങൾ പഠിച്ചറിഞ്ഞ കാര്യങ്ങൾ എങ്ങനെ പ്രായോഗികമാക്കണം എന്നതിനെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാടും അവബോധവും നൽകുക എന്നതാണ് ഈ സെമിനാറിന്റെ ലക്ഷ്യം. അദ്ധ്യയന വർഷത്തിലെ ഞായറാഴ്ചകളിൽ തന്നെയാണ് ഇവ നടത്തുന്നത്. സെമിനാർ രാവിലെ 9.30 ന് ആരംഭിച്ച് 4.00 മണിക്ക് അവസാനിക്കുന്നു. സെമിനാർ ദിവസം വി. കുർബാന അതാതു സെന്ററുകളിലെ പള്ളികളിൽ ഉണ്ടായിരിക്കുന്നതാണ്. **രജിസ്ട്രേഷൻ ഫീസ് 50 രൂപ.**

**സെമിനാറുകൾ നടക്കുന്ന സ്ഥലവും തിയ്യതിയും**

| | | | |
|---|---|---|---|
| **ആഗസ്റ്റ് 10** | **ഞായർ** | **9.30am to 4.00pm** | **കാഞ്ഞിരപ്പുഴഫൊറോന (ഫൊറോന പാരിഷ്ഹാൾ)** |
| **ആഗസ്റ്റ് 17** | **ഞായർ** | **9.30am to 4.00pm** | **പൊന്നംകോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ)** |

| | | | |
|---|---|---|---|
| **ആഗസ്റ്റ് 24** | **ഞായർ** | **9.30am to 4.00pm** | **മംഗലം ഡാം ഫൊറോന (ഫൊറോന പാരിഷ്ഹാൾ)** |
| **ആഗസ്റ്റ് 31** | **ഞായർ** | **9.30am to 4.00pm** | **വടക്കഞ്ചേരി ഫൊറോന (ഫൊറോന പാരിഷ്ഹാൾ)** |
| സെപ്റ്റം 14 | ഞായർ | 9.30am to 4.00pm | മണ്ണാർക്കാട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| സെപ്റ്റം 21 | ഞായർ | 9.30am to 4.00pm | ഒറ്റപ്പാലം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |

**VII & VIII ലൈംഗിക ധാർമ്മികാവബോധ ഏകദിന സെമിനാർ -2014-15**

വർദ്ധിച്ചുവരുന്ന ലൈംഗിക അരാജകത്വത്തിന്റെ നടുവിൽ കുട്ടികൾക്ക് ദിശാബോധം നൽകുന്നതിനായി ലൈംഗിക ധാർമ്മികാവബോധ സെമിനാറുകൾ സംഘടിപ്പിച്ചിരിക്കുന്നു. ലൈംഗികത ദൈവദാനമാണെന്നുള്ള തിരിച്ചറിവിലേക്ക് കടന്നുവരുവാൻ ഈ സെമിനാറുകൾ കുട്ടികളെ സഹായിക്കട്ടെ.

**രജിസ്ട്രേഷൻ ഫീസ് 25 രൂപ**

**സെമിനാറുകൾ നടക്കുന്ന സ്ഥലവും തിയ്യതിയും**

| | | | |
|---|---|---|---|
| **ആഗസ്റ്റ് 3** | **ഞായർ** | **9.30am to 4.00pm** | **വടക്കഞ്ചേരി ഫൊറോന (ഫൊറോന പാരിഷ്ഹാൾ)** |
| ഒക്ടോ. 12 | ഞായർ | 9.30am to 4.00pm | പൊന്നംകോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ഒക്ടോ. 19 | ഞായർ | 9.30am to 4.00pm | മണ്ണാർക്കാട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ഒക്ടോ. 26 | ഞായർ | 9.30am to 4.00pm | ഒറ്റപ്പാലം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| നവം. 2 | ഞായർ | 9.30am to 4.00pm | മേലാർക്കോട് ഫൊറോന (ചിറ്റിലഞ്ചേരി പാരിഷ്ഹാൾ) |
| നവം.9 | ഞായർ | 9.30am to 4.00pm | താവളം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| നവം.23 | ഞായർ | 9.30am to 4.00pm | പാലക്കാട് ഫൊറോന (പാസ്റ്ററൽ സെന്റർ) |
| ഡിസം. 14 | ഞായർ | 9.30am to 4.00pm | തത്തമംഗലം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ഡിസം. 21 | ഞായർ | 9.30am to 4.00pm | മംഗലം ഡാം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ജനുവരി 4 | ഞായർ | 9.30am to 4.00pm | കാഞ്ഞിരപ്പുഴ ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |





**സ്റ്റാറ്റിസ്റ്റിക്സ് & ന്യൂ ടീച്ചേഴ്സ് ഫോം.**

സൺഡേ സ്കൂൾ സ്റ്റാറ്റിസ്റ്റിക്സും, പുതിയ അദ്ധ്യാപകരുടെ സർവ്വീസ് ഡാറ്റാഫോമും മതബോധനകേന്ദ്രത്തിൽ എത്തിക്കാത്തവർ എത്രയും പെട്ടെന്ന് അവ എത്തിക്കേണ്ടതാണ്.

**കയ്യെഴുത്ത് മാസികാമത്സരം**

Vമുതൽ XII വരെയുള്ള ക്ലാസുകളിലെ കുട്ടികൾക്കാണ് കയ്യെഴുത്ത് മാസിക മത്സരം സംഘടിപ്പിച്ചിരിക്കുന്നത്. മാസികയുടെ നീളം 12 ഇഞ്ചും വീതി 9 ഇഞ്ചും ആയിരിക്കണം. വരച്ച ചിത്രങ്ങൾ അല്ലാതെ ഫോട്ടോകൾ പാടില്ല. ഈ വർഷത്തെ പഠനവിഷയത്തെ ആസ്പദമാക്കി 2 രചനകൾ എങ്കിലും ഉണ്ടായിരിക്കണം.100 പേജിൽ കവിയാനും 75 പേജിൽ കുറയാനും പാടില്ല. മാസികയുടെ പേര് കഴിഞ്ഞുള്ള പേജ് ഒന്നും എഴുതാതിരിക്കാൻ ശ്രദ്ധിക്കണം. 2014 ഡിസംബർ 1-ാംതിയ്യതി ഫൊറോന ഡയറക്ടറെ കയ്യെഴുത്തു മാസിക ഏൽപ്പിക്കേണ്ടതാണ്. ഒരു ഇടവകയിൽ നിന്ന് ഒരു കയ്യെഴുത്തുമാസികയേ സ്വീകരിക്കുകയുള്ളൂ. അവയിൽനിന്ന് മികവു പുലർത്തുന്ന രണ്ട് മാസികകൾ ഫൊറോന ഡയറക്ടറുടെ മേൽനോട്ടത്തിൽ തിരഞ്ഞെടുത്ത് ഡിസംബർ 15ന് മുമ്പ് വിശ്വാസപരിശീലനവേദിയുടെ ഓഫീസിൽ എത്തിക്കേണ്ടതാണ്. ഫൊറോനാ തലത്തിലും രൂപതാ തലത്തിലും സമ്മാനങ്ങൾ ഉണ്ടായിരിക്കുന്നതാണ്. മലയാളം, ഇംഗ്ലീഷ്, എന്നീ ഭാഷകളിൽ രചനകൾ തയ്യാറാക്കാവുന്നതാണ്.

**രൂപതാ മതബോധന കൗൺസിൽ**

ആഗസ്റ്റ് 30-ാം തിയ്യതി ശനിയാഴ്ച രൂപതാ മതബോധന കൗൺസിൽ മീറ്റിംഗ് രാവിലെ 10 മണി മുതൽ 12 മണി വരെ പാസ്റ്ററൽ സെന്ററിൽ വെച്ച് നടക്കുന്നു. രൂപതാ കൗൺസിൽ അംഗങ്ങളെല്ലാവരും പ്രസ്തുത മീറ്റിംഗിൽ സംബന്ധിക്കേണ്ടതാണ്. റൂബീജൂബിലിയോടനുബന്ധിച്ച് മതാദ്ധ്യാപകദിനാഘോഷമാണ് ചർച്ചാവിഷയം.

**പ്രധാന അദ്ധ്യാപകരുടെ ശ്രദ്ധയ്ക്ക്**

എല്ലാ പള്ളിയിലേയും പ്രധാന അദ്ധ്യാപകർ അതാത് പള്ളിയിലെ മതാദ്ധ്യാപകരുടെ പേര്, രജിസ്ട്രർ നമ്പർ, മറ്റു അനുബന്ധകാര്യങ്ങൾ തുടങ്ങിയവ ടീച്ചേഴ്സ് സർവ്വീസ് ഡാറ്റാ രജിസ്ട്രറിൽ നിരന്തരം അപ്ഡേറ്റ് ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്.

**അദ്ധ്യാപകർക്കായുള്ള സാഹിത്യമത്സരങ്ങൾ**

മതാദ്ധ്യാപകർക്ക് കൂടുതൽ പഠിക്കുവാനും തങ്ങളുടെ സാഹിത്യവാസനകളെ വളർത്തുവാനും സഹായകമാകത്തക്കവിധത്തിൽ മതബോധന വിഷയത്തെ ആസ്പദമാക്കി സാഹിത്യമത്സരങ്ങൾ സംഘടിപ്പിക്കുന്നു. ഉപന്യാസം, കവിത, ചെറുകഥ എന്നീ രചനാമത്സരങ്ങളായിരിക്കും ഉണ്ടായിരിക്കുക.(ഉപന്യാസം 5-10 പേജുകൾ, കവിത 20-40 വരികൾ, ചെറുകഥ

3–5 പേജുകൾ) **ആഗസ്റ്റ് 31 ന് മുമ്പായി ഈ രചനകൾ മതബോധന കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.**

**മതാദ്ധ്യാപക അവാർഡുകൾ**

രൂപതയിൽ 15, 25, 35 വർഷങ്ങൾ അദ്ധ്യാപനം പൂർത്തിയാക്കിയ മതാദ്ധ്യാപകർക്ക് അവാർഡുകൾ നൽകി ആദരിക്കുന്നു. അവാർഡുകൾ ലഭിക്കുന്നതിനായി പൂരിപ്പിച്ചുതരേണ്ട ഫോം മതബോധനകേന്ദ്രത്തിൽ നിന്നും വാങ്ങാവുന്നതാണ്. പൂരിപ്പിച്ച അപേക്ഷ ഫോം ഫോട്ടോയോടുകൂടി ആഗസ്റ്റ് 31ന് മുൻപായി മതബോധന കേന്ദ്രത്തിൽ ഏല്പിക്കേണ്ടതാണ്.

**ഒന്നാം സെമസ്റ്റർ പരീക്ഷ**

ഞായറാഴ്ച വേദോപദേശത്തിന്റെ ഒന്നാം സെമസ്റ്റർ പരീക്ഷ ഒക്ടോബർ 5-ാം തിയ്യതി ഞായറാഴ്ച നടക്കുന്നു V മുതൽ II HDC ക്ലാസുവരെ ഒന്നാം സെമസ്റ്റർ പരീക്ഷ 100 മാർക്കിൽ ആയിരിക്കും. ഒന്നാം സെമസ്റ്ററിൽ ഇന്റേണൽ മാർക്ക് ഉണ്ടായിരിക്കുന്നതല്ല. **മാർ ഇരിമ്പൻ മെമ്മോറിയൽ വിശ്വാസവർഷ മെഗാക്വിസ്** പഠനസഹായിയിൽ നിന്നും ചോദ്യങ്ങൾ ഉണ്ടായിരിക്കുന്നതല്ല. **ലോഗോസ് ക്വിസിൽ നിന്നും വിശ്വാസപരിശീലനത്തിനൊരു വഴികാട്ടി** എന്ന പുസ്തകത്തിൽ നിന്നും ആയിരിക്കും ചോദ്യങ്ങൾ ഉണ്ടായിരിക്കുക. ഒന്നാം ക്ലാസ്സ് മുതൽ നാലാം ക്ലാസ്സ് വരെ 80 മാർക്കിൽ ആയിരിക്കും പരീക്ഷ. അവർക്ക് ഇന്റേണൽ മാർക്ക് ഉണ്ടായിരിക്കുന്നതാണ്.

NB: English Question paper ആവശ്യമുള്ളവർ ആഗസ്റ്റ് 31 ന് മുമ്പ് എണ്ണം മതബോധന കേന്ദ്രത്തിൽ അറിയിക്കേണ്ടതാണ്.

**SMCC അവാർഡ് ഫോം**

SMCC അവാർഡിനുള്ള ഫോം എത്തിക്കേണ്ട അവസാനദിവസം ആഗസ്റ്റ്1 വെള്ളിയാഴ്ചയാണ്. ഫൊറോന ഡയറക്ടേഴ്സ് തങ്ങളുടെ ഫൊറോനയിലെ എല്ലാ ഇടവകകളിൽ നിന്നുമുള്ള കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കുന്ന ഫോറം ശേഖരിച്ച് രൂപതാകേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

**SMCC സോണൽ മീറ്റ്**

SMCC സോണൽ മീറ്റ് നടക്കുന്ന തീയതിയും സ്ഥലവും താഴെചേർക്കുന്നു.

| | | |
|---|---|---|
| **ആഗസ്റ്റ് 3** | **9.30am to 4.00pm** | **താവളം സോൺ (ഫൊറോന പാരിഷ്ഹാൾ)** |
| ഒക്ടോ.12 | 9.30am to 4.00pm | പാലക്കാട് സോൺ (പാസ്റ്ററൽ സെന്റർ) (പാലക്കാട്, ഒലവക്കോട്, ഒറ്റപ്പാലം, തത്തമംഗലം) |
| ഒക്ടോ.19 | 9.30am to4.00 pm | വടക്കഞ്ചേരി സോൺ (ഫൊറോന പാരിഷ്ഹാൾ) (വടക്കഞ്ചേരി, മംഗലംഡാം, മേലാർക്കോട്) |
| നവം. 2 | 9.30am to 4.00pm | കാഞ്ഞിരപ്പുഴ സോൺ (ഫൊറോന പാരിഷ്ഹാൾ) കാഞ്ഞിരപ്പുഴ, പൊന്നംകോട്, മണ്ണാർക്കാട് |





**മിഡ്ടേം പരീക്ഷയുടെ ഫലം**

ജൂലൈ 27 ഞായറാഴ്ച നടന്ന മിഡ്ടേം പരീക്ഷയുടെ ഫലം ബഹു. മതാദ്ധ്യാപകർ തങ്ങൾക്ക് നല്കപ്പെട്ടിരിക്കുന്ന നിർദ്ദേശമനുസരിച്ച് രൂപതയുടെ മതബോധന വെബ്സൈറ്റിൽ ചേർക്കാൻ ശ്രദ്ധിക്കുമല്ലോ.

**സാൻജോ ബുക്ക് സ്റ്റാൾ**

സൺഡേ കാറ്റെകിസം, ഡെയ്‌ലി കാറ്റെകിസം, സൻമാർഗ്ഗശാസ്ത്രം എന്നീ പുസ്തകങ്ങളും മറ്റും വാങ്ങിയവർ എത്രയും വേഗം കണക്കുകൾ തീർക്കുവാൻ താല്പര്യപ്പെടുന്നു.

സാൻജോ ബുക്ക് സ്റ്റാളിന്റെ പ്രവർത്തനസമയം രാവിലെ 9.30 മുതൽ വൈകിട്ട് 7 മണി വരെ ആക്കിയിരിക്കുന്നു. *ഫോൺ. 9946798508*

**റെഗുലർ സ്കൂൾ വിശ്വാസപരിശീലന ധാർമ്മിക പഠന വാർത്തകൾ**

**റെഗുലർ സ്കൂൾ അദ്ധ്യാപക സെമിനാറുകൾ**

റെഗുലർ സ്ക്കൂൾ ടീച്ചേഴ്സ് സെമിനാർ നാലു റീജിയനിലും നടന്നു. 579 അദ്ധ്യാപകർ പങ്കെടുത്തു. ക്ലാസ്സുകൾ നയിച്ചത് ബഹു. ഫാ. ജെയ്സൺ കൊള്ളന്നൂരാണ്. സെമിനാറിന്റെ നല്ല നടത്തിപ്പിനായി യത്നിച്ച ഓരോ റീജിയനിലെയും സ്കൂളിലെ പ്രധാന അധ്യാപകർക്കും, കൗൺസിൽ അംഗങ്ങൾക്കും, റീജിയണൽ കോ-ഓർഡിനേറ്റർമാർക്കും പ്രത്യേകം അഭിനന്ദനവും നന്ദിയും അറിയിക്കുന്നു.

റെഗുലർ സ്ക്കൂൾ **പ്രവർത്തന റിപ്പോർട്ടും ആക്ഷൻ പ്ലാനും** തരാത്ത സ്ക്കൂളുകൾ എത്രയും വേഗം മതബോധനകേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

**ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ

## സ്റ്റാർസ്

Blogspot: starspalghat.blogspot.in

**പ്രതിമാസ മുഖാഭിമുഖ പരിശീലന പരിപാടി**

എല്ലാ ബാച്ചുകാർക്കുമുള്ള പ്രതിമാസ മുഖാഭിമുഖ പരിശീലനപരിപാടി ജൂൺ 27, 28 തിയ്യതികളിൽ പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തപ്പെട്ടു. പ്രമോദ് സാർ, ശ്രീദേവീ ടീച്ചർ, പ്രിയങ്ക ടീച്ചർ എന്നിവർ ക്ലാസ്സുകൾ എടുത്തു. റവ. ഫാ. ജോമിസ് കൊടകശ്ശേരിൽ, റവ. ഫാ. ജോമി തേക്കുംകാട്ടിൽ

എന്നിവർ നേതൃത്വം നൽകി. ആഗസ്റ്റ് മാസത്തിലെ ക്ലാസ്സ് 16-ാം തിയ്യതി ശനിയാഴ്ച നടക്കുന്നതായിരിക്കും.

**2014-2015 ബാച്ചിലേക്ക് അപേക്ഷിക്കേണ്ടവിധം**

പുതിയവർഷത്തിലേക്കുള്ള അപേക്ഷകൾ സ്വീകരിച്ച് തുടങ്ങിയിരിക്കുന്നു. സ്റ്റാർസിൽ അഡ്മിഷൻ ലഭിക്കാൻ അപേക്ഷിക്കുമ്പോൾ നിർദ്ദിഷ്ട ഫോറത്തിൽ വേണം അപേക്ഷകൾ സമർപ്പിക്കാൻ. ആറാം ക്ലാസ്സിൽ 10 ൽ താഴെ കുട്ടികളാണങ്കിൽ 2 പേരും (1ആൺ, 1പെൺ) അതിൽകൂടുതലാണങ്കിൽ 4 പേരും (2ആൺ, 2 പെൺ) ആണ് അപേക്ഷിക്കേണ്ടത്. സ്ക്കൂളിൽ ഇപ്പോൾ ആറാം ക്ലാസ്സിൽ പഠിക്കുന്നവരും, വിശ്വാസപരിശീലനത്തിലും സ്ക്കൂൾപഠനത്തിലും മികവുതെളിയിക്കുന്നവരുമായ കുട്ടികളെയാണ് അപേക്ഷക്കായി പരിഗണിക്കേണ്ടത്. അപേക്ഷിക്കാൻ യോഗ്യരായ ഏറ്റവും പ്രഗത്ഭരായ കുട്ടികളെ കണ്ടെത്തേണ്ടതും അപേക്ഷിക്കേണ്ടതും ബഹു. വികാരിയച്ചന്മാരുടെ അറിവിലും ഉത്തരവാദിത്വത്തിലുമായിരിക്കും.

കൂടുതൽ വിവരങ്ങൾക്കും ഫോട്ടോസിനുമായി
www.starspalghat.blogspot.in സന്ദർശിക്കുക.

**ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ

## ബൈബിൾ അപ്പോസ്തലേറ്റ്

Blogspot: bibleapostolatepalghat.blogspot.in

**ലോഗോസ് ക്വിസ് 2014**

രക്ഷകനും നാഥനുമായ യേശുക്രിസ്തുവിനെ ആഴത്തിൽ അറിയുക, വി.ഗ്രന്ഥം പ്രാർത്ഥനാപൂർവ്വം പഠിക്കുക എന്നീ ലക്ഷ്യങ്ങളോടെ കെ. സി.ബി.സി ബൈബിൾ കമ്മീഷന്റെയും കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെയും സംയുക്താഭിമുഖ്യത്തിൽ കേരളത്തിലെ എല്ലാ രൂപതകളെയും പങ്കെടുപ്പിച്ചുകൊണ്ട് മലയാളത്തിലും ഇംഗ്ലീഷിലുമായി നടത്തപ്പെടുന്ന വ്യക്തിഗത ബൈബിൾ ക്വിസ് എഴുത്തുപരീക്ഷയാണ് ലോഗോസ് ക്വിസ് 2014.

**ലോഗോസ് ക്വിസ് 2014 ന്റെ സവിശേഷതകൾ**

ഈ വർഷം വിദേശമലയാളികൾക്ക് ഓൺലൈൻ വഴി ലോഗോസ് പരീക്ഷയിൽ പങ്കെടുക്കാവുന്നതാണ്. മത്സരത്തിൽ പങ്കെടുക്കുന്നവരെ പ്രായത്തെ അടിസ്ഥാനമാക്കി A, B, C, D, E, F എന്നീ 6 വിഭാഗങ്ങളായി തിരി





ച്ചിരിക്കുന്നു. മൂല്യനിർണ്ണയം നടത്തുന്നതും സമ്മാനങ്ങൾ നൽകുന്നതും ഈ അടിസ്ഥാനത്തിലായിരിക്കും.

A. വിഭാഗം-01-01-2003 ന് ശേഷം ജനിച്ചവർ
B. വിഭാഗം-01-01-1998 നും 31.12.2002 നും ഇടക്ക് ജനിച്ചവർ
C. വിഭാഗം-01-01-1983 നും 31.12.1997 നും ഇടക്ക് ജനിച്ചവർ
D. വിഭാഗം-01-01-1963 നും 31.12.1982 നും ഇടയ്ക്ക് ജനിച്ചവർ.
E. വിഭാഗം-01-01-1950 നും 31-12-1962 നും ഇടയ്ക്ക് ജനിച്ചവർ.
F. വിഭാഗം-31-12-1949 ന് മുമ്പ് ജനിച്ചവർ.

നിർബന്ധമായും രജിസ്ട്രേഷൻ മുൻകൂട്ടി ചെയ്തിരിക്കേണ്ടതാണ്. രജിസ്ട്രേഷൻ ഓൺ ലൈനിലായിരിക്കും. ഓൺലൈൻ ആയി രജിസ്റ്റർ ചെയ്യാൻ www.catechismpalghat.org എന്ന രൂപതാമതബോധന വെബ്സൈറ്റിലെ ലോഗോസ് ക്വിസ് പോർട്ടൽ കാണുക. അല്ലെങ്കിൽ www.logosquiz.org എന്ന വെബ്സൈറ്റ് സന്ദർശിക്കുക. തുടർന്ന് പാലക്കാട് തിരഞ്ഞെടുത്ത് **സെന്റർ ലോഗിൻ** ക്ലിക്ക് ചെയ്ത് രൂപതയിൽ നിന്നും നൽകിയിട്ടുള്ള User Name & Password ഉപയോഗിച്ച് അതാത് പള്ളികളുടെ പേജിലെത്താവുന്നതാണ്. അവിടെ നൽകിയിരിക്കുന്ന നിർദ്ദേശപ്രകാരമായിരിക്കണം പേര് രജിസ്റ്റർ ചെയ്യേണ്ടത്. ആഗസ്റ്റ് 1 ന് മുമ്പ് ഓൺലൈൻ രജിസ്ട്രേഷൻ ചെയ്തതിന്റെ പ്രിന്റഡ് ഫോമും രജിസ്ട്രേഷൻ ഫീസും രൂപതാ കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 10 രൂപ. രജിസ്ട്രേഷൻ അവസാനിക്കുന്നത് 2014 ജൂലായ് 31 ന് ആയിരിക്കും.

**മത്സരത്തിനുള്ള പാഠഭാഗങ്ങൾ.**

***1. ലേവ്യർ 15-27***
***2. വി. ലൂക്കോസ് 13-24***
***3. യോഹന്നാൻ എഴുതിയ രണ്ടും മൂന്നും ലേഖനങ്ങൾ.***

പഠനത്തിനായി ഉപയോഗിക്കേണ്ടത് പി. ഒ. സി ബൈബിളും ഇംഗ്ലീഷിന് NRSV (Catholic Edition) ബൈബിളുമാണ്. പരീക്ഷാ സമയം രൂപതാതലത്തിൽ 2014 സെപ്റ്റംബർ 28-ാം തിയ്യതി ഉച്ചകഴിഞ്ഞ് 2.00 മുതൽ 3.30വരെയായിരിക്കും.

രൂപതാതല മൽസര ഫലപ്രഖ്യാപനത്തിന് ശേഷം ഒരോ വിഭാഗത്തിലും 1,2,3, സ്ഥാനം നേടിയവരാണ് അഖില കേരള മത്സര പരീക്ഷയിൽ പങ്കെടുക്കാൻ യോഗ്യത നേടുന്നത്. അവരുടെ ജനനസർട്ടിഫിക്കറ്റും (വികാരിയച്ചൻ സാക്ഷ്യപ്പെടുത്തിയത്) ഇപ്പോഴത്തെ അഡ്രസ്സും ഓരോ ഫോട്ടോയും ഇടവകയിൽ സെന്റർ ഇൻചാർജ്ജസ് ഒക്ടോബർ 20 ന് മുൻപ് രൂപതാ ബൈബിൾ അപ്പോസ്റ്റലേറ്റ് ഓഫീസിൽ എത്തിച്ചിരിക്കണം. രൂപതാതല വിജയികൾക്കായുള്ള (3x6=18) സംസ്ഥാനതല മത്സരം പി.ഒ.സിയിൽ വച്ച് 2014 നവംബർ 29, 30 ന് രാവിലെ 10.00 മുതൽ ആയിരിക്കും.

**സമ്മാനങ്ങൾ**

വിശുദ്ധനാട് തീർത്ഥാടനം, ആകർഷകമായ ക്യാഷ് അവാർഡുകൾ, ഷീൽഡുകൾ, പുസ്തകങ്ങൾ, സ്വർണ്ണമെഡലുകൾ, ട്രോഫികൾ, കെ.സി. ബി.സി ബൈബിൾ കമ്മീഷൻ സർട്ടിഫിക്കറ്റുകൾ എന്നീ നിരവധി സമ്മാനങ്ങൾ നൽകപ്പെടുന്നു.

**അഖിലകേരളതലത്തിൽ**

(ഓരോ വിഭാഗത്തിനും പ്രത്യേകം)

1-ാം സമ്മാനം 15000 രൂപയും സ്വർണ്ണമെഡലും, സർട്ടിഫിക്കറ്റും.

2-ാം സമ്മാനം 10000 രൂപയും സ്വർണ്ണമെഡലും, സർട്ടിഫിക്കറ്റും

3-ാം സമ്മാനം 5000 രൂപയും സ്വർണ്ണമെഡലും, സർട്ടിഫിക്കറ്റും.

4-ാം സമ്മാനം 1000 രൂപയും വെള്ളിമെഡലും, സർട്ടിഫിക്കറ്റും

(ഓരോ വിഭാഗത്തിലും 7 പേർക്കുവീതം)

5-ാം സമ്മാനം 500 രൂപ

ബാക്കി എല്ലാവർക്കും (576-60=516) സമ്മാനങ്ങൾ ലഭിക്കുന്നതാണ്.

**രൂപതാതലത്തിൽ**

(ഓരോ വിഭാഗത്തിനും പ്രത്യേകം)

1-ാം സമ്മാനം 1000 രൂപയും സർട്ടിഫിക്കറ്റും

2-ാം സമ്മാനം 750 രൂപയും സർട്ടിഫിക്കറ്റും

3-ാം സമ്മാനം 500 രൂപയും സർട്ടിഫിക്കറ്റും

4-ാം സമ്മാനം 250 രൂപയും സർട്ടിഫിക്കറ്റും 7 പേർക്ക് വീതം.

5-ാം സമ്മാനം 50 രൂപ വിലവരുന്ന ബൈബിൾ സംബന്ധമായ പുസ്തകവും സർട്ടിഫിക്കറ്റും 15 പേർക്ക് വീതം

80 ശതമാനത്തിൽ കൂടുതൽ മാർക്കു വാങ്ങുന്ന എല്ലാവർക്കും കെ.സി. ബി.സി ബൈബിൾ കമ്മീഷന്റെ സർട്ടിഫിക്കറ്റ് നൽകുന്നതാണ്. സെപ്റ്റംബർ 28-ാം തീയതി നടത്തുന്ന രൂപതാതലപരീക്ഷയുടെ ഫലവും രൂപതാതല സമ്മാനങ്ങൾ ഇടവകയ്ക്ക് നൽകുന്ന തിയ്യതിയും രൂപതാകേന്ദ്രത്തിൽ നിന്നും അറിയിക്കുന്നതാണ്.

രൂപതാ തലത്തിൽ 1, 2, 3 റാങ്ക് ലഭിക്കുന്നവർക്കും 4, 5 സ്ഥാനം ലഭിക്കുന്നവർക്കും സൺഡേസ്കൂൾതലം V മുതൽ II HDC വരെയുള്ള ഓരോ ക്ലാസ്സിലെയും 1, 2, 3 സ്ഥാനക്കാർക്കും സമ്മാനം നൽകുന്നതാണ്. അതിനാൽ 5 മുതൽ 12 എച്ച്.ഡി.സി. പേർ രജിസ്റ്റർ ചെയ്യുമ്പോൾ ക്ലാസ്സുകൂടി നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്. കൂടാതെ കൂടുതൽ അംഗങ്ങളെ രജിസ്റ്റർ ചെയ്ത ഇടവകകൾക്കും ആനുപാതികമായി കൂടുതൽ അംഗങ്ങളെ രജിസ്റ്റർ ചെയ്ത ഇടവകകൾക്കും 100% പരീക്ഷ എഴുതിയ സൺഡേസ്കൂളു





കൾക്കും ട്രോഫിയും സമ്മാനവും നൽകുന്നതാണ്.

**ഇടവകതലത്തിൽ**

ഓരോ പ്രായ വിഭാഗമനുസരിച്ച് '25 -ന്റെ ഓരോ ഗുണിതത്തിനും (50,75,100,125....) ഒരു സമ്മാനം' എന്ന അനുപാതത്തിൽ എല്ലാ കേന്ദ്രങ്ങൾക്കും സമ്മാനങ്ങൾ ഉണ്ടായിരിക്കും.

* 50-ൽ കൂടുതൽ പേരെ പങ്കെടുപ്പിക്കുന്ന കേന്ദ്രത്തിൽ 2 പേർക്ക്സമ്മാനങ്ങൾ

* 125- ൽ കൂടുതൽ പേരെ പങ്കെടുപ്പിക്കുന്ന കേന്ദ്രത്തിൽ 5 പേർക്ക് സമ്മാനങ്ങൾ

* 1000- ൽ കൂടുതൽ പേരെ പങ്കെടുപ്പിക്കുന്ന കേന്ദ്രത്തിൽ 40 പേർക്ക് സമ്മാനങ്ങൾ

* 2000-ൽ കൂടുതൽ പേരെ പങ്കെടുപ്പിക്കുന്ന കേന്ദ്രത്തിൽ 80 പേർക്ക് സമ്മാനങ്ങൾ

* 60 ശതമാനത്തിൽ കൂടുതൽ മാർക്കു വാങ്ങുന്ന A പ്രായവിഭാഗത്തിലുള്ളവർക്കും 70 ശതമാനത്തിൽ കൂടുതൽ മാർക്കു വാങ്ങുന്ന B,C,D,E,F പ്രായവിഭാഗത്തിലുള്ളവർക്കും കെ.സി.ബി.സി ബൈബിൾ കമ്മീഷന്റെ സർട്ടിഫിക്കറ്റ് നൽകുന്നതാണ്.

**ഇപ്രാവശ്യം ബുക്ക്ലെറ്റ് ഉണ്ടായിരിക്കുന്നതല്ല.**

**ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ

## തിരുബാലസഖ്യം

Blogspot: www.holychildhoodpalghat.blogspot.in

**തിരുബാലസഖ്യ സെമിനാറുകൾ**

ഈ മാസത്തെ തിരുബാലസഖ്യം ഫൊറോനതല സെമിനാർ ജൂലൈ 19-ാം തിയ്യതി മേലാർക്കോട് ഫൊറോനയിൽ നടന്നു. തിരുബാലസഖ്യം രൂപതാ ഡയറക്ടർ, രൂപതാ ആനിമേറ്റർ എന്നിവർ സന്നിഹിതരായി. പാലക്കാട് രൂപതാ ക്രിസ്റ്റീൻ ടീം അംഗങ്ങൾ ഫാ.റെന്നി പുല്ലുകാലായുടെ നേതൃത്വത്തിൽ സെമിനാർ നടത്തി. 76 തിരുബാലസഖ്യം കുട്ടികളും 4 ആനിമേറ്റേഴ്സും പ്രസ്തുത സെമിനാറിൽ പങ്കെടുത്തു. സഹകരിച്ച, വേണ്ട ക്രമീകരണങ്ങൾ ചെയ്ത എല്ലാവർക്കും ദൈവാനുഗ്രഹം നേരുന്നു.

**തിരുബാലസഖ്യ സെമിനാറുകൾ നടക്കുന്ന സ്ഥലവും തിയ്യതിയും**

| | | | |
|---|---|---|---|
| **ആഗസ്റ്റ് 2** | **ശനി** | **9.30 am to 4.00 pm** | **മണ്ണാർക്കാട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ)** |
| **ആഗസ്റ്റ് 16** | **ശനി** | **9.30 am to 4.00 pm** | **തത്തമംഗലം ഫൊറോന (ഫൊറോന പാരിഷ്ഹാൾ)** |
| **ആഗസ്റ്റ് 23** | **ശനി** | **9.30 am to 4.00 pm** | **ഒറ്റപ്പാലം ഫൊറോന (ഫൊറോന പാരിഷ് ഹാൾ)** |
| സെപ്റ്റം.27 | ശനി | 9.30 am to 4.00 pm | പൊന്നംകോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ഒക്ടോ. 11 | ശനി | 9.30 am to 4.00 pm | വടക്കഞ്ചേരി ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ഒക്ടോ. 22 | ബുധൻ | 9.30 am to4.00pm | മംഗലം ഡാം ഫൊറോന (ഫൊറോന പാരിഷ് ഹാൾ) |
| ഒക്ടോ. 25 | ശനി | 9.30 am to 4.00 pm | താവളം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| നവം. 22 | ശനി | 9.30 am to 4.00 pm | ഒലവക്കോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ഡിസംബർ 6 | ശനി | 9.30 am to 4.00 pm | പാലക്കാട് ഫൊറോന (പാസ്റ്ററൽ സെന്റർ) |

ഫൊറോന സെമിനാറുകൾക്ക് വേണ്ട ക്രമീകരണങ്ങൾ നടത്തുവാൻ ഫൊറോന ഡയറക്ടറോടൊപ്പം എല്ലാ ആനിമേറ്റേഴ്സും ശ്രദ്ധിക്കുമല്ലോ.

**കലോത്സവം**

ഫൊറോനതല മത്സരങ്ങൾ സെപ്തംബർ, ഒക്ടോബർ, നവംബർ മാസങ്ങളിലായി നടത്തി രൂപതയിലേക്ക് തിരഞ്ഞെടുക്കപ്പെടുന്നവരുടെ പേരുകൾ അതാത് ഫോമിൽ പൂരിപ്പിച്ച് 2014 ഡിസംബർ 10ന് മുൻപായി രൂപതയിൽ ഏൽപ്പിക്കേണ്ടതാണ്.

രൂപതാതലമത്സരം നടത്തപ്പെടുന്നത് 2015 ജനുവരി 3-ാം തിയ്യതി ശനിയാഴ്ചയായിരിക്കും.

മറ്റു വിശദവിവരങ്ങൾ സെപ്തംബർ മാസത്തിലെ ബുള്ളറ്റിനിലും തിരുബാലസഖ്യം ബ്ലോഗിലും കൊടുക്കുന്നതാണ്. നിയമാവലി, ഫോമുകൾ എന്നിവയ്ക്ക് ഫൊറോന തിരുബാലസഖ്യം ഡയറക്ടറെ സമീപിക്കുക (ആഗസ്റ്റ് 15ന് ശേഷം)

**ഫാ. ജോമി തേക്കുംകാട്ടിൽ**
ഡയറക്ടർ





# അൾത്താരസംഘം

Blogspot: abapalghat.blogspot.in

ഈ മാസത്തെ അൾത്താരസംഘം ഫൊറോനതല സെമിനാർ ജൂലൈ 19-ാം തിയ്യതി മേലാർക്കോട് ഫൊറോനയിൽ നടന്നു. പാലക്കാട് രൂപതാ ക്രിസ്റ്റീൻ ടീം അംഗങ്ങൾ ഫാ.റെന്നി പുല്ലുകാലായുടെ നേതൃത്വത്തിൽ സെമിനാർ നടത്തി. 37 അൾത്താരസംഘം കുട്ടികളും 3 ആനിമേറ്റേഴ്സും പ്രസ്തുത സെമിനാറിൽ പങ്കെടുത്തു. സെമിനാറിന് വേണ്ട ക്രമീകരണങ്ങൾ ചെയ്ത എല്ലാവർക്കും ദൈവാനുഗ്രഹം നേരുന്നു.

തുടർന്നു വരുന്ന സെമിനാറുകളുടെ തിയ്യതിയും സ്ഥലവും ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| **ആഗസ്റ്റ് 2** | **ശനി** | **9.30 am to 4.00 pm** | **മണ്ണാർക്കാട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ)** |
| **ആഗസ്റ്റ് 16** | **ശനി** | **9.30 am to 4.00 pm** | **തത്തമംഗലം ഫൊറോന (ഫൊറോന പാരിഷ്ഹാൾ)** |
| **ആഗസ്റ്റ് 23** | **ശനി** | **9.30 am to 4.00 pm** | **ഒറ്റപ്പാലം ഫൊറോന (ഫൊറോന പാരിഷ് ഹാൾ)** |
| സെപ്റ്റം.27 | ശനി | 9.30 am to 4.00 pm | പൊന്നംകോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ഒക്ടോ. 11 | ശനി | 9.30 am to 4.00 pm | വടക്കഞ്ചേരി ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ഒക്ടോ. 22 | ബുധൻ | 9.30 am to4.00pm | മംഗലം ഡാം ഫൊറോന (ഫൊറോന പാരിഷ് ഹാൾ) |
| ഒക്ടോ. 25 | ശനി | 9.30 am to 4.00 pm | താവളം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| നവം. 22 | ശനി | 9.30 am to 4.00 pm | ഒലവക്കോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ഡിസംബർ 6 | ശനി | 9.30 am to 4.00 pm | പാലക്കാട് ഫൊറോന (പാസ്റ്ററൽ സെന്റർ) |

**അൾത്താരസംഘം ക്വിസ് മൽസരം**

ഈ വർഷവും അൾത്താരബാലന്മാർക്കായി ക്വിസ് മൽസരം സംഘടിപ്പിക്കുന്നുണ്ട്. ഇടവകയിൽനിന്നും ജൂനിയർ (5,6,7) സീനിയർ (8-12) വിഭാഗങ്ങ

ളിൽ ഓരോ ടീമിന് ഫൊറോനയിൽ നടക്കുന്ന മത്സരത്തിൽ പങ്കെടുക്കാം.

**പഠനഭാഗം**

| | | |
|---|---|---|
| വിശ്വാസപരിശീലനത്തിന് ഒരു വഴികാട്ടി (പേജ് 21-169) | - | 50 മാർക്ക് |
| കുർബ്ബാനപുസ്തകം | - | 15 മാർക്ക് |
| ലോഗോസ് ക്വിസ് പഠനഭാഗം | - | 20 മാർക്ക് |
| അൾത്താരശുശ്രൂഷകർ | - | 5 മാർക്ക് |
| അൾത്താര സംഘടന, പാലക്കാട് രൂപത | - | 10 മാർക്ക് |

ഫൊറോനതല മൽസരം നവംബർ 3 ന് 9.30 മണി മുതൽ 12 മണി വരെ ഫൊറോന സെന്ററുകളിൽ വച്ചും (കൂടുതൽ വിവരങ്ങൾക്ക് ഫൊറോന അൾത്താരസംഘം ഡയറക്ടറുമായി ബന്ധപ്പെടുക) രൂപതാതല മൽസരം ഡിസംബർ 13 ശനിയാഴ്ച 9.45 മുതൽ 1 മണി വരെ പാസ്റ്ററൽ സെന്ററിൽ വച്ചും നടക്കുന്നു.

**ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ, അൾത്താരസംഘം

## ചെറുപുഷ്പ മിഷൻ ലീഗ്

ഈശോയിൽ പ്രിയ കുഞ്ഞുമിഷനറിമാരേ,

ഇക്കഴിഞ്ഞ July 12-ാം തിയതി ശനിയാഴ്ച പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ട രൂപതാ കൗൺസിലിൽ വച്ച് പുതിയ പ്രവർത്തനവർഷ ഉദ്ഘാടനവും മാർഗ്ഗരേഖ പ്രകാശനവും ബഹു. വികാരി ജനറാൾ മോൺ. ജോസഫ് ചിറ്റിലപ്പള്ളി നിർവഹിച്ചു. 72 ഓളം ശാഖകളിൽ നിന്നുമായി 190 പേർ പങ്കെടുത്ത കൗൺസിലിൽ റവ. ഫാ. ജിജോ പാറയിൽ ക്ലാസ് നയിച്ചു. അതോടൊപ്പം ചേർന്ന രൂപതാ മാനേജിംഗ് കമ്മറ്റിയിൽ വച്ച് പുതിയ രൂപതാസമിതിക്ക് രൂപം നൽകി. ഉച്ചയ്ക്കുശേഷം ചേർന്ന സമാപന സമ്മേളനത്തിൽ മാർഗ്ഗരേഖ അവലോകനവും പുതിയ രൂപതാസമിതിയെ ഔദ്യോഗികമായി ചുമതലയേൽപ്പിക്കലും നടത്തി. സമാപന സമ്മേളനത്തിൽ പുതിയ രൂപതാ സെക്രട്ടറി ശ്രീ ജോബിൻ തോമസ് ഏവർക്കും നന്ദിയർപ്പിച്ചു. രാവിലെ 10 മണിക്ക് CML ദേശീയ പ്രതിനിധി ശ്രീ. സന്തോഷ് വള്ളോംകോട്ട് പതാകയുയർത്തി ആരംഭിച്ച കൗൺസിൽ ഉച്ചകഴിഞ്ഞ് 3 മണിക്ക് സമാപിച്ചു. സമാപനത്തോടനുബന്ധിച്ച് പുതിയ രൂപതാ പ്രസിഡന്റ് ശ്രീ. ജെയ്സ് ചെറുതോട്ടുപുറം അംഗങ്ങളെ





അഭിവാദനം ചെയ്ത് പതാക താഴ്ത്തി. മിഷൻ ആന്തം ആലപിച്ച് കൗൺസിൽ പിരിഞ്ഞു.

**പുതിയരൂപതാസമിതി**

| | |
|---|---|
| Director | : Rev. Fr. Goji Vadakkekkara, St. Mary's Minor Seminary, Kalleppully, Palakkad. Mob: 9446148405 |
| Vice Director | : Rev. Sr. Shali Mathew, Nirmala Bhavan Convent, Kottassery P.O, Kongad. Mob: 8281711014 |
| President | : Jais John Cheruthottupuram, Kanakkanthuruthy P.O, Palakkad 678683. Mob :9744744755 |
| Vice-President | : Dilbi Joseph Thuruthel, Vazhampuram P.O., Palakkad, Pin:678595. Mob : 8606684418 |
| Secretary | : Jobin Thomas Thenganakunnel, Kalladikode, Palakkad. Mob : 8547516076 |
| Joint-Secretary | : Angel Rani Joseph, Amala Sadan convent, Paittamkunnu, Dhoni, Palakkad. Ph : 0491 244255 |
| **Organiser** | : Savio Baby Punnakuzhy, Changaleeri P O, Mannarkkad. Mob : 8129534659 |

**Regional Organisers**

1. Bibin Thomas Mangalamadathil, Korenchira P O, Arogyapuram. Mob : 9526254414
2. Nithin Sebastian Pattimavil, Pombra. Mob : 9656238291
3. Denny Joseph Panamthottam, Keralasserry, Ottappalam. Mob.8086365374

**Executive Members**

1. Arun M Jose Mundathanath, Neethipuram, Mangalamdam. Mob : 9539170681
2. JincyVarkey Nedumattathil, Poonchola, Palakkad. Mob :8606547959
3. Abiya Joseph Ethakkad, Thottakkara, Ottappalam. Mob : 9605992597
4. Catherine Tomy Valiyaveettil, Chandranagar, Palakkad. Mob : 94972606092

**State Representatives**

Deby Sebastian, Vadakken House, Panniyamkara, Palakkad
Mob : 9847601996

National Representative

SanthoshVallomkottu, Vallomkottu H,Kankkaenthuruthy, Palakkad
Mob : 9645435748, 9645491147

**കർമ്മപരിപാടികൾ - ആഗസ്റ്റ്**

2 ശനി : മുൻ സംസ്ഥാന ഡയറക്ടർ റവ. ഫാ. കുരുവിള പ്ലാന്തോട്ടത്തിന്റെ ചരമദിനം. അദ്ദേഹത്തിന്റെ ആത്മശാന്തിക്കുവേണ്ടി പ്രാർത്ഥിക്കുക.

4 തിങ്കൾ : വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ, വൈദിക ദിനം-ശാഖാ ഡയറക്ടേഴ്സിനു വേണ്ടി പ്രാർത്ഥിക്കുക, ആശംസകൾ അറിയിക്കുക.

10 ഞായർ: മുൻ സംസ്ഥാന വൈസ് ഡയറക്ടർ റവ. ഫാ. വെയിൽസ് ജോസഫ് പനച്ചിത്തറയുടെ ചരമദിനം.

11 തിങ്കൾ : സ്ഥാപക നേതാവ് ശ്രീ പി.സി അബ്രാഹം പല്ലാട്ടുകുന്നേൽ (കുഞ്ഞേട്ടൻ) ന്റെ 5-ാം ചരമ വാർഷികം. കുഞ്ഞേട്ടന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുക.

15 വെള്ളി : പരി. കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോഹണതിരുനാളും സ്വാതന്ത്ര്യദിനവും സമുചിതമായി ആഘോഷിക്കുക.

ചിന്താവിഷയം : പരി. അമ്മ വിശ്വാസ ജീവിതത്തിന്റെ മാതൃക.

21 വ്യാഴം : പ്രഥമ ദേശീയ ഡയറക്ടർ റവ. ഫാ. തോമസ് നെറ്റിക്കാടൻ ചരമദിനം

**അനുബന്ധ പ്രവർത്തനങ്ങൾ**

* പ്രാർത്ഥനാ നിയോഗം- മാതൃരാജ്യത്തിലെ സുവിശേഷ വൽക്കരണത്തിനുവേണ്ടി
* മേഖല തല സെമിനാറുകൾ : ശാഖ ഭാരവാഹികൾക്കുവേണ്ടി
  (വിഷയം : കുടുംബം പ്രേഷിതത്വത്തിന്റെ പിള്ളത്തൊട്ടിൽ)
* മുൻകാല മേഖല ഭാരവാഹികളുടെ സംഗമം നടത്തുക.

**സുകൃതജപം :** "എന്റെ അമ്മേ..... എന്റെ ആശ്രയമേ"

**ഫാ. ജോജി വടക്കേക്കര**
ഡയറക്ടർ





# കെ. സി. വൈ. എം

**രൂപത യുവജനദിനാഘോഷവും ടോം അച്ചനു യാത്രയയപ്പും**

12.07.2014 ശനിയാഴ്ച കാഞ്ഞിരപ്പുഴ ഫൊറോനയിലെ പാലക്കയം യൂണിറ്റിൽ വെച്ച്പാലക്കാട് രൂപത യുവജനദിനാഘോഷം നടന്നു. രാവിലെ 9 മണിക്ക് രജിസ്ട്രേഷനോടെ ആരംഭിച്ച യുവജനദിനാഘോഷത്തിൽ 750 ഓളം യുവജനങ്ങൾ പങ്കെടുത്തു. മുൻ രൂപത ഡയറക്ടർ ഫാ. ടോം.ജി. വടക്കേക്കരയുടെ മുഖ്യകാർമ്മികത്വത്തിൽ വി. കുർബ്ബാനയർപ്പണം നടത്തി. തുടർന്ന് രൂപത പ്രസിഡന്റ് ഷിജുകുര്യൻ പതാക ഉയർത്തി യുവജനദിനാഘോഷത്തിന് ആരംഭം കുറിച്ചു. പാലക്കയം ടൗണിലേയ്ക്ക് തുടർന്ന് യുവജനറാലി നടന്നു. 11.00 മണിയോടെ ക്രൈസ്തവയുവതയും കുടുംബഭദ്രതയും എന്ന പ്രവർത്തന വർഷത്തെ ആസ്പദമാക്കി പി.ഐ ലാസർ മാഷ് ക്ലാസ്സ് നയിച്ചു. ഉച്ചയ്ക്ക് നടന്ന പൊതുസമ്മേളനം രൂപത വികാരി ജനറാൾ മോൺ. ജോസഫ് ചിറ്റിലപ്പിള്ളി ഉദ്ഘാടനം ചെയ്തു. രൂപത പ്രസിഡന്റ് ഷിജു കുര്യൻ അധ്യക്ഷത വഹിച്ച പൊതുസമ്മേളനത്തിൽ രൂപത ഡയറക്ടർ ഫാ. സീജോ കാരിക്കാട്ടിൽ ആമുഖപ്രഭാഷണം നടത്തി. രൂപത കെ.സി.വൈ.എം.ന്റെ മുഖപത്രമായ യുവശബ്ദത്തിന്റെ പ്രകാശനം കാഞ്ഞിരപ്പുഴ ഫൊറോന വികാരി ഫാ. ജീജോചാലയ്ക്കൽ നിർവ്വഹിച്ചു. സംസ്ഥാന പ്രസിഡന്റ് ശ്രീ. റെന്നിരാജ് തേവർതോട്ടത്തിൽ മുഖ്യപ്രഭാഷണം നടത്തി. പലക്കയം വികാരി ഫാ. ജോസ് ചെനിയറ്, കാഞ്ഞിരപ്പുഴ ഫൊറോന ഡയറക്ടർ ഫാ. ജോഷി പുത്തൻ പുരയിൽ, രൂപത ആനിമേറ്റർ സി. ആൻഗ്രേസ് സി.എച്ച്.എഫ്, ഫൊറോന ആനിമേറ്റർ സി റോസ് ജോസ് സി.എച്ച്.എഫ്, രൂപത സെക്രട്ടറി നയന ജോസഫ്, സി.വൈ.എം.പി മുൻ രൂപത പ്രസിഡന്റ് സെബാസ്റ്റ്യൻ കുന്നുംഭാഗത്ത്, സണ്ണി നെടുംപുറം എന്നിവർ ആശംസകളർപ്പിച്ചു സംസാരിച്ചു. സംസ്ഥാന സിൻഡിക്കേറ്റംഗം സംഗീത് മാർട്ടിൻ, ഫാ.ടോം ജി വടക്കേക്കരയ്ക്ക് യാത്രാമംഗളങ്ങൾ നേർന്ന് സംസാരിച്ചു. മുൻ രൂപത ഡയറക്ടർ ഫാ. ടോം.ജി വടക്കേക്കര അനുഗ്രഹപ്രഭാഷണം നടത്തി. കാഞ്ഞിരപ്പുഴ ഫൊറോന പ്രസിഡന്റ് അനൂപ് മൈലംവേലിൽ സ്വാഗതവും, രൂപത ജന. സെക്രട്ടറി എബിൻ കണിവയലിൽ നന്ദിയും രേഖപ്പെടുത്തി. പൊതു സമ്മേളനത്തിന് ശേഷം കാഞ്ഞിരപ്പുഴഫൊറോനയിലെ കെ.സി. വൈ.എം അംഗങ്ങളുടെ കലാവിരുന്നും ഉണ്ടായിരുന്നു. രൂപത യുവജനദിനാഘോഷ ത്തിന് ആതിഥേയത്വം വഹിച്ച കാഞ്ഞിരപ്പുഴ

ഫൊറോന കെ.സി.വൈ.എം ഡയറക്ടർ ഫാ. ജോഷി പുത്തൻപുരയ്ക്കൽ പാലക്കയം വികാരി ഫാ. ജോസ് ചെന്നിപ്പാറയ്ക്കും എല്ലാ ഭാരവാഹികൾക്കും മഹനീയ സാന്നിദ്ധ്യംകൊണ്ട് അനുഗ്രഹിച്ച ബഹു. കെ. സി.വൈ.എം. ഫൊറോന ഡയറക്ടർ അച്ചന്മാർക്കും നന്ദി അറിയിക്കുന്നു.

**ഹരിതമിഷൻ പ്രവർത്തനങ്ങൾക്ക് ആരംഭം കുറിച്ചു**

കെ.സി.വൈ.എം.ന്റെ ഹരിതമിഷൻ പ്രവർത്തനങ്ങൾക്ക് ആരംഭം കുറിച്ചു.20.7.2014 ഞായറാഴ്ച പാലക്കാട് പാസ്റ്ററൽ സെന്ററിൽ രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങളുടെ സാന്നിദ്ധ്യത്തിൽ വൃക്ഷതൈ നട്ട് മുൻ രൂപത ഡയറക്ടർ ഫാ. ടോം. ജി വടക്കേക്കര ഉദ്ഘാടനം നിർവ്വഹിച്ചു.

**ദയാവധം നിയമമാക്കുന്നതിനെതിരെ പ്രമേയം പാസ്സാക്കി, പഠനരേഖ പുറത്തിറക്കി.**

ഭാരതത്തിന്റെ പരമോന്നത നീതിപീഠം ദയാവധം നിയമമാക്കുന്നതിനെ കുറിച്ച് സംസ്ഥാന സർക്കാരുകളോട് അഭിപ്രായം തേടിയിരിക്കുന്ന പശ്ചാത്തലത്തിൽ ജീവന്റെ സംരക്ഷണം ജീവിതത്തിന്റെ ഏതു ഘട്ടത്തിലും സാഹചര്യത്തിലും സംരക്ഷിക്കപ്പെടേണ്ടതാണെന്നും അതിനു നേരെയുള്ള കയ്യേറ്റം ഒരു തരത്തിലും സംഭവിക്കരുതെന്നും സംസ്ഥാന സർക്കാർ ജീവന്റെ പക്ഷത്തു നിന്ന് സുപ്രീംകോടതിയെ അഭിപ്രായം അറിയിക്കണമെന്നും കെ.സി. വൈ.എം. പാലക്കാട് രൂപത നിർവ്വാഹക സമിതി പ്രമേയം പാസ്സാക്കി. ഇതുമായി ബന്ധപ്പെട്ട് കെ.സി.വൈ.എം. ദയാവധത്തെക്കുറിച്ച് കത്തോലിക്കാസഭയുടെ നിലപാടുകൾ വിശദീകരിക്കുന്നതിനായി ഒരു പഠനരേഖ തയ്യാറാക്കി രൂപതയിലെ യൂണിറ്റുകൾക്ക് വിതരണം ചെയ്തു. പഠനരേഖയുടെ ആദ്യപ്രതി ഡയറക്ടർ ഫാ. സീജോ കാരിക്കാട്ടിൽ, പ്രസിഡന്റ് ഷിജു കുര്യൻ നൽകി പ്രകാശനം ചെയ്തു. ദയാവധം നിയമമാക്കുന്നതിനെതിരെ സംസ്ഥാനസർക്കാർ നിലപാട് അറിയിക്കണമെന്ന് ആവശ്യം ഉന്നയിച്ചുകൊണ്ടുള്ള പൊതുഹർജി തയ്യാറാക്കി സംസ്ഥാനസർക്കാരിനെ സമർപ്പിക്കാൻ നടപടികൾ സ്വീകരിച്ചു.

**ടോം അച്ചന് യാത്രാമംഗളങ്ങൾ**

കഴിഞ്ഞ 6 വർഷമായി പാലക്കാട് രൂപത കെ.സി.വൈ.എം. നെ ആത്മീയതയുടെ പാതയിലൂടെ നയിച്ച രൂപത ഡയറക്ടർ ഫാ. ടോം ജി വടക്കേക്കര ജൂലായ് 7-ാം തിയ്യതി മാറുകയുണ്ടായി. കഴിഞ്ഞ കാലങ്ങളിൽ പ്രസ്ഥാനത്തിന്റെ മുഖമായിരുന്ന ധീരമായി കെ.സി.വൈ.എം. നെ നയിച്ച അച്ചന് പൗരോഹിത്യ പുതിയ കർമ്മ മേഖലകളിൽ എല്ലാ വിധ പ്രാർത്ഥനാമംഗളങ്ങളും കൃതജ്ഞതയും നേരുന്നു.





**സ്വാഗതം**

പുതിയതായി രൂപത കെയ.സി.വൈ.എം ന്റെ ഡയറക്ടർ സ്ഥാനത്തേയ്ക്ക് നിയമിതനായ ഫാ. സീജോ കാരിക്കാട്ടിലിന് കെ.സി.വൈ.എം കുടുംബത്തിലേയ്ക്ക് സ്നേഹോഷ്മളമായ സ്വാഗതം. പ്രസ്ഥാനത്തെ കരുത്തോടെ നയിക്കാൻ അച്ചനു സാധിക്കട്ടെ.

പാലക്കാട് രൂപത കെ.സി.വൈ.എം. ന്റെ പുതിയ റീജന്റായി സ്ഥാനമേറ്റെടുത്ത ബ്ര. ഷിൻസിന് രൂപത സമിതിയിലേക്ക് ഹൃദ്യമായ സ്വാഗതം നേരുന്നു.

**കെ.സി.വൈ.എം. ഫൊറോന ഡയറക്ടേഴ്സ് മീറ്റിംഗ്**

കെ.സി.വൈ.എം.ന്റെ പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനും ശക്തിപ്പെടുത്തുന്നതിനുമായി ആഗസ്റ്റ് 5-ാം തീയതി ചൊവ്വാഴ്ച രാവിലെ 10 മണിക്ക് കെ.സി.വൈ.എം. ഫൊറോന ഡയറക്ടേഴ്സ് മീറ്റിംഗ് പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തപ്പെടുന്നു.

**അഗാധ ക്വിസ്മത്സരം**

യുവജന മതബോധന ഗ്രന്ഥമായ youcat നെയും കെ.സി.വൈ.എം. നെയും അടുത്തറിയുന്നതിനായി രൂപത കെ.സി.വൈ.എം. യുവജനങ്ങൾക്കു വേണ്ടി നടത്തുന്ന ക്വിസ് മത്സരം ആഗസ്റ്റ് 2-ാം തിയ്യതി യുവക്ഷേത്ര കോളേജിൽ വെച്ച് രാവിലെ 9.00 മണിക്ക് ആരംഭിക്കുന്നു.

**അർദ്ധവാർഷിക സെനറ്റ്**

കേരള കത്തോലിക്ക യുവജനപ്രസ്ഥാനത്തിന്റെ 2014 പ്രവർത്തന വർഷത്തെ അർദ്ധവാർഷിക സെനറ്റ് സമ്മേളനം ആഗസ്റ്റ്9 ന് പാലക്കാട് പാസ്റ്ററൽ സെന്ററിൽ വെച്ച് നടക്കുന്നു. രാവിലെ 9 മണിക്ക് രജിസ്ട്രേഷനോടെ ആരംഭിക്കുന്ന സെനറ്റ് സമ്മേളനം അന്നേദിവസം 4.00 മണിയോടെ അവസാനിക്കും. ഈ വർഷത്തെ ഇതുവരെയുള്ള പ്രവർത്തനങ്ങളുടെ അവലോകനവും ഇനിയുള്ള പ്രവർത്തനങ്ങളുടെ സമഗ്രമായ നിർദ്ദേശങ്ങളും ചർച്ച ചർച്ചചെയ്യപ്പെടുന്ന സംഘടനയുടെ പരമാധികാര സഭയായ സെനറ്റിൽ യൂണിറ്റിന്റെ മഹനീയ സാന്നിദ്ധ്യം ആദ്യന്തം ഉണ്ടാകണം. സെനറ്റിൽ ഫൊറോനകൾ തങ്ങളുടെ സംക്ഷിപ്ത റിപ്പോർട്ടുകൾ അവതരിപ്പിക്കേണ്ടതാണ്. സെനറ്റിൽ വികാരിയച്ചന്റെ സാക്ഷ്യപത്രത്തോടെ എല്ലാ യൂണിറ്റ് ഫൊറോന ഭാരവാഹികളും ആനിമേറ്റർമാരും പങ്കെടുക്കേണ്ടതാണ് രജിസ്ട്രേഷൻ ഫീസ് യൂണിറ്റിന് 300 രൂപ.

**ഫാ. സീജോ കാരിക്കാട്ടിൽ**
ഡയറക്ടർ

# സി. എൽ. സി

**രൂപതാ എക്സിക്യൂട്ടീവ് യോഗം**

രൂപതാ തലത്തിലുള്ള സി.എൽ.സിയുടെ കർമ്മപദ്ധതി വിഭാവനം ചെയ്യുന്നതിനായി രൂപതാ എക്സിക്യൂട്ടീവ് യോഗം ജൂലൈ 12 ന് സി.എൽ.സി ഓഫീസിൽ വച്ച് നടന്നു. കർമ്മപദ്ധതി തയ്യാറാക്കി ആഗസ്റ്റ് 15 ന് ഓരോ യൂണിറ്റിലും പ്രകാശനം നടത്താമെന്ന് തീരുമാനമെടുത്തു.

**കർമ്മപദ്ധതി സ്വീകരണ യോഗം**

ഓരോ യൂണിറ്റിലേക്കുമുള്ള കർമ്മപദ്ധതി 2014 സ്വീകരിക്കുന്നതിനായി യൂണിറ്റ് പ്രസിഡന്റുമാരുടെയും രൂപത എക്സിക്യൂട്ടിവിന്റെയും ഒരു സംയുക്ത യോഗം ആഗസ്റ്റ് 9-ാം തിയ്യതി ശനിയാഴ്ച 10.30 ന് ആയുർപാലന സെമിനാർ ഹാളിൽ സമ്മേളിക്കുന്നതാണ്. എല്ലാ യൂണിറ്റിൽ നിന്നും പ്രസിഡന്റുമാർ ഈ യോഗത്തിൽ സംബന്ധിക്കേണ്ടതാണ്.

**കർമ്മപദ്ധതി പ്രകാശനവും അംഗത്വദിനാചരണവും**

- ഈ വർഷം ഓരോ യൂണിറ്റിലുമാണ് കർമ്മപദ്ധതി പ്രകാശനം നടക്കുന്നത്. സി.എൽ.സി അംഗത്വ ദിനമായി ആചരിക്കുന്ന മാതാവിന്റെ സ്വർഗാരോപണ ദിനമായ ആഗസ്റ്റ് 15 നാണ് പ്രകാശനം നടത്തേണ്ടത്.
- ഓരോ യൂണിറ്റിലും പുതിയ അംഗങ്ങളെ ആ ദിവസം മെഡലും പ്രാർത്ഥനാ പുസ്തകളും നൽകി കർമ്മ പദ്ധതിയിൽ കൊടുത്തിരിക്കുന്ന പ്രാർത്ഥന ചൊല്ലി സി.എൽ.സി യിലേക്ക് സ്വീകരിക്കേണ്ടതാണ്.
- മെഡലും പ്രാർത്ഥനാ പുസ്തകവും ആവശ്യമുള്ള യൂണിറ്റുകാർക്ക് 9-ാം തിയ്യതിയിലെ യോഗത്തിന് വരുമ്പോൾ അവ വാങ്ങാവുന്നതാണ്
- പ. കന്യകാമറിയത്തിന്റെ സ്വർഗാരോപണ തിരുനാൾ മംഗളങ്ങൾ എല്ലാ സി.എൽ.സിയേഴ്സിനും ആശംസിക്കുന്നു.

**ഫാ. തോം കിഴക്കേടത്ത്**
ഡയറക്ടർ





# ജീസസ് യൂത്ത്

**സ്വാഗതം**

ബിരുദ പഠനത്തിനുശേഷം ഒരു വർഷം ദൈവരാജ്യ ശുശ്രൂഷകൾക്കായി മാറ്റിവെച്ചുകൊണ്ട്, ജീസസ് യൂത്ത് ഫുൾടൈമർഷിപ്പ് ട്രെയ്നിംഗ് പ്രോഗ്രാമിന്റെ ഭാഗമായി, പാലക്കാട് രൂപതയിലേക്ക് നിയോഗിക്കപ്പെട്ട ഫുൾടൈമർ അനുമോൾ അലക്സിന് ഹൃദ്യമായ സ്വാഗതം.

**യുവജന പ്രാർത്ഥനാകൂട്ടായ്മകൾ**

പാലക്കാട് രൂപതയിലെ ഇടവകകളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും നിലവിലുള്ള യുവജന പ്രാർത്ഥനാകൂട്ടായ്മകൾ ശക്തിപ്പെടുത്തുന്നതിനും ഇല്ലാത്ത ഇടങ്ങളിൽ പുതിയവ ആരംഭിക്കുന്നതിനുമായി ഫുൾടൈമറുടെ സേവനം ലഭ്യമാണ്. ഫുൾടൈമറുടെ സേവനം ആവശ്യമായിട്ടുള്ളവർ താഴെ കാണുന്ന നമ്പറുകളിൽ ബന്ധപ്പെടുക.

ഫുൾടൈമർ - 8592931585, ഡയറക്ടർ - 9544317871

**പ്രവർത്തനങ്ങൾ**

- ജൂലൈ 12-ാം തീയതി ഇളവംമ്പാടം സെന്റ് തോമസ് ഇടവകയിൽ യുവജനദിനാഘോഷങ്ങളോടനുബന്ധിച്ച് ജീസസ് യൂത്ത് ടീം ഏകദിന പ്രോഗ്രാമിന് നേതൃത്വം നൽകി.
- കാഞ്ഞിരപ്പുഴ അസംപ്ക്ഷൻ ആശുപത്രിയിലെ നഴ്സിംഗ് വിദ്യാർത്ഥികൾക്കായി ജൂലൈ 24-ാം തീയതി ജീസസ് യൂത്ത് പ്രാർത്ഥനാ കൂട്ടായ്മയ്ക്ക് തുടക്കം കുറിച്ചു.
- പാലക്കാട് ജീസസ് യൂത്തിന്റെ മ്യൂസിക് ബാന്റായ “Beats of Angels”ന്റെ നേതൃത്വത്തിൽ മേപ്പറമ്പ് ചെറുപുഷ്പാലയം ഓർഫനേജിൽ കുട്ടികൾക്കായി മ്യൂസിക് പ്രോഗ്രാം നടത്തി.
- ജൂലൈ 27-ാം തീയതി ഞായറാഴ്ച മുണ്ടൂരിൽ ജീസസ് യൂത്ത് ഫാമിലി ഗാതറിംഗ് നടത്തി.

**ഫാ. ജെയ്മോൻ പള്ളിനീരാക്കൽ**
ഡയറക്ടർ

# മാതൃസംഘം

**മേഖല സെമിനാർ**

പൊന്നംകോട്, കാഞ്ഞിരപ്പുഴ, മണ്ണാർക്കാട് ഫൊറോനകളുടെ സംയുക്താഭിമുഖ്യത്തിൽ ആദ്യ മേഖല സെമിനാർ ആഗസ്റ്റ് മാസം 16-ാം തീയതി മണ്ണാർക്കാട് പാരിഷ് ഹാളിൽ വച്ച് നടത്തുന്നു.

ആഗസ്റ്റ് മാസം 3-ാം തീയതിക്കുള്ളിൽ 25 രൂപയെങ്കിലും കൊടുത്ത് രജിസ്റ്റർ ചെയ്യേണ്ടതാണ്. യൂണിറ്റിൽ നിന്നും പങ്കെടുക്കുന്നവരുടെ ലിസ്റ്റ് യൂണിറ്റ് ഡയറക്ടരുടെ സാക്ഷ്യപത്രത്തോടൊപ്പം ആഗസ്റ്റ് മാസം 6-ാം തീയതിക്കു മുമ്പായി രൂപതാകേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

**കൈയെഴുത്തു മാസിക**

കൈയെഴുത്തു മാസിക മത്സരത്തിൽ പങ്കെടുക്കുന്ന യൂണിറ്റുകൾ എഡിറ്റോറിയൽ ബോർഡ് രൂപീകരിച്ച് രൂപതാ കേന്ദ്രത്തിലറിയിക്കണമെന്ന വിവരം പല യൂണിറ്റുകളും യഥാസമയം അറിഞ്ഞില്ലാ എന്ന പരാതി കണക്കിലെടുത്ത് അതിനുള്ള അവസാന തീയതി ആഗസ്റ്റ് മാസം 15 വരെ നീട്ടിയിരിക്കുന്നു.

**പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണ തിരുനാൾ**

ആഗസ്റ്റ് 15-ാം തീയതി പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണ തിരുനാൾ സമുചിതമായി ആചരിക്കുവാൻ യൂണിറ്റംഗങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

**ആഗസ്റ്റ് 23-ാം തീയതി**

പുണ്യ സ്മരണാർഹനായ മാർ ജോസഫ് ഇരിമ്പൻ പിതാവിന്റെ ഓർമ്മ ദിനത്തിൽ യൂണിറ്റംഗങ്ങൾ ഒരുമിച്ചുകൂടുകയും ഒന്നു രണ്ടുപേർ പിതാവിന്റെ ചൈതന്യത്തെക്കുറിച്ചും ജീവിത ശൈലിയെ കുറിച്ചും പങ്കു വെയ്ക്കുന്നതിനും പരിശ്രമിക്കുക.

**ഫാ. ബിനു പൊൻകാട്ടിൽ**
ഡയറക്ടർ





# ഫാമിലി അപ്പോസ്തലേറ്റ്

**ഹോം മിഷൻ**

രൂപതയുടെ റൂബിജൂബിലിയോടനുബന്ധിച്ച് നടത്തപ്പെട്ട ഏറ്റവും പ്രധാനപരിപാടി ഇടവകതോറും നടത്തപ്പെട്ട ഹോം മിഷനായിരുന്നു. ദൈവാനുഗ്രഹത്താലും ഇടവക വികാരിമാരുടെ സഹകരണത്താലും എല്ലാ ഇടവകകളിലും വിജയകരമായി നടന്നു. അതിനുവേണ്ടി യത്നിച്ച ബഹുമാനപ്പെട്ട സിസ്റ്റേഴ്സിനും, അവർക്ക് അനുവാദം നല്കിയ മേജർ സുപ്പീരിയേഴ്സിനും ഒത്തിരി നന്ദി. രൂപതയുടെ റൂബി ജൂബിലി അഘോഷവേളയിൽ ഹോമിഷനുപോയ ബഹുമാനപ്പെട്ട സിസ്റ്റേഴ്സിനെ രൂപത പ്രത്യേകമായ വിധത്തിൽ ആദരിക്കുന്നതായിരിക്കും.

**ആഗസ്റ്റിൽ ഹോംമിഷൻ നടത്തുന്ന ഇടവകകൾ**

മുണ്ടൂർ : ആഗസ്റ്റ് 3-9
കോട്ടായി : ആഗസ്റ്റ് 4-8
കണ്ണമ്പ്ര : ആഗസ്റ്റ് 4-8
നെന്മാറ : ആഗസ്റ്റ് 18-26
കൊഴിഞ്ഞാമ്പാറ : ആഗസ്റ്റ് 18-22

**പ്രീകാന കോഴ്സ്**

**ആഗസ്റ്റ്** മാസത്തിലെ പ്രീകാന കോഴ്സ് **4,5,6,7** തീയതികളിലും **സെപ്തംബർ** മാസത്തിലെ പ്രീകാന കോഴ്സ് **1,2,3,4** തിയ്യതികളിലും മുണ്ടൂർ യുവക്ഷേത്രയിൽവച്ച് നടത്തപ്പെടുന്നു. കോഴ്സിൽ പങ്കെടുക്കുന്നവരുടെ മാതാപിതാക്കന്മാർക്കായി വ്യാഴാഴ്ച 9.30ന് സജ്ജമാക്കിയിരിക്കുന്ന ക്ലാസ്സിൽ അവർ നിർബന്ധമായും പങ്കെടുത്തിരിക്കണം.

പ്രീകാനയുടെ ദിവസങ്ങളിൽ മനസമ്മതം ക്രമീകരിക്കുന്നതും കോഴ്സു കഴിയുന്നതിനുമുമ്പ് പറഞ്ഞുവിടേണ്ടിവരുന്നതും ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. അതുകൊണ്ടു വികാരിയച്ചന്മാർ ഇതു പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**ഫാ. ജോർജ്ജ് തുരുത്തിപ്പള്ളി**
ഡയറക്ടർ



# കുടുംബകൂട്ടായ്മ

നമ്മുടെ ഇടവകയിലെ യൂണിറ്റുകളിൽ തിരഞ്ഞെടുപ്പു നടത്തി സെപ്റ്റംബർ 30 നു മുമ്പായി, ഭാരവാഹികളുടെ പേരുവിവരങ്ങൾ രൂപതാ കേന്ദ്രത്തിൽ എത്തിക്കുമല്ലോ. അതിനുശേഷംവേണം ഒക്ടോബർ, നവംബർ മാസങ്ങൾ ഫൊറോന സെമിനാറുകൾ സംഘടിപ്പിക്കുവാനും, AKCC രൂപീകരിക്കാനും. തിരഞ്ഞെടുക്കപ്പെടുന്ന ഭാരവാഹികൾ 2 വർഷത്തേക്കാണ്.

**ഫാ. ജോർജ്ജ് തുരുത്തിപ്പള്ളി**
ഡയറക്ടർ

# ALL KERALA CATHOLIC CONGRESS (A.K.C.C)

ഇടവകയിലെ കുടുംബയൂണിറ്റ് ഭാരവാഹികളും ഇടവകയിൽ നിന്നും വികാരി നോമിനേറ്റുചെയ്യുന്ന വ്യക്തികളും കെ.സി.വൈ.എം, പിതൃസംഘം, മാതൃസംഘം എന്നീ സംഘടനകളുടെ ഭാരവാഹികളും ചേരുന്നതാണ്. AKCC യുടെ യൂണിറ്റ്. ഇടവകയിൽ നിന്നും നോമിനേറ്റു ചെയ്യുന്നവരുടെ പേരുവിവരങ്ങൾ കഴിവതും വേഗം ഡയറക്ടറച്ചനെ ഏല്പിക്കുമല്ലോ.

**ഫാ. ജോർജ്ജ് തുരുത്തിപ്പള്ളി**
ഡയറക്ടർ

# അസ്സോസിയേഷൻ ഓഫ് കാത്തലിക് കെയർ ഹോംസ് (ACCH)

ACCH ന്റെ രൂപതാതല രജിസ്ട്രേഷനും KCBC യിലേക്കുള്ള രജിസ്ട്രേഷനും ഇനിയും നടത്താത്ത ഓർഫനേജുകൾ, വൃദ്ധസദനങ്ങൾ, മാനസിക ശാരീരിക വിഭിന്നശേഷിയുള്ളവരെ പരിരക്ഷിക്കുന്ന സ്ഥാപനങ്ങൾ തുടങ്ങിയവ **ആഗസ്റ്റ് മാസം 15** ന് മുൻപായി രജിസ്ട്രേഷൻ ഫോറം PSSP യിൽ നിന്ന് സ്വീകരിച്ച് രജിസ്ട്രേഷൻ പൂർത്തിയാക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 200 രൂപയാണ്. Contact No. 9400299234





**പ്രവർത്തനം**

ചന്ദ്രനഗറിലുള്ള Daughters of Divine Providence Orphanage ന് മഴവെള്ള സംഭരണി നിർമ്മാണത്തിനുള്ള Project Proposal പീപ്പിൾസ് സർവ്വീസ് സൊസൈറ്റി വഴി കൈമാറി.

**ഫാ. എബിൻ കുളമ്പിൽ**
ഡയറക്ടർ



# കരിസ്മാറ്റിക് വാർത്തകൾ

**സ്നേഹപൂർവ്വം സ്വാഗതം**

രൂപതാ കരിസ്മാറ്റിക് പുതിയ ഡയറക്ടറായി ചുമതല ഏറ്റെടുത്ത ബഹു. ഡൊമിനിക് ഐപ്പൻ പറമ്പിലച്ചനും, ജാഗരണപ്രാർത്ഥനയുടെ ചുമതല ഏറ്റെടുത്ത ബഹു. തോം കിഴക്കേടത്ത് അച്ചനും സ്വാഗതം.

**ഹൃദയം നിറഞ്ഞ നന്ദി**

കഴിഞ്ഞ 5 വർഷക്കാലം രൂപതാകരിസ്മാറ്റിക് ഡയറക്ടറായി നവീകരണശുശ്രൂഷകൾക്ക് നേതൃത്വം ൽകിയ ബഹു.റെനി പുല്ലുകാലായിൽ അച്ചന് പ്രത്യേകം നന്ദി.

**പി.എസ്.ടി. മീറ്റിംഗ്**

ജൂലൈ 15-ാം തിയതി സോണിലെ കരിസ്മാറ്റിക് നവീകരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന പി.എസ്.ടി. അംഗങ്ങൾ ഡയറക്ടറച്ചനോടൊപ്പം ചന്ദ്രനഗർ പള്ളിയിൽ ഒത്തു ചേർന്നു. രാവിലെ 10 മുതൽ ദിവ്യകാരുണ്യ സന്നിധിയിൽ പ്രാർത്ഥനയ്ക്കായി ഒരുമിക്കുകയും തുടർന്ന് 1 മണിയ്ക്ക് മീറ്റിംങ്ങ് ആരംഭിക്കുകയും ചെയ്തു. വരും നാളുകളിൽ സോണിലെ നവീകരണ പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കുവാൻ തീരുമാനമെടുത്തു. എല്ലാ ഇടവകകളിലും പ്രാർത്ഥനാഗ്രൂപ്പുകൾ രൂപീകരിക്കുക. രൂപതാ റൂബിജൂബിലിയോടനുബന്ധിച്ച് പ്രോഗ്രാമുകൾ സംഘടിപ്പിക്കുക എന്നിവയും തീരുമാനങ്ങളിൽപ്പെടുന്നു.

അടുത്ത പി.എസ്.ടി. കൂട്ടായ്മ ഓഗസ്റ്റ് 6-ാം തീയതി നീതിപുരം ദേവാലയത്തിൽ 10 മണിക്ക് ദിവ്യകാരുണ്യ ആരാധനയ്ക്ക് ശേഷം കൂടുവാൻ തീരുമാനിച്ചു.

**Zume 2 ലീഡേഴ്സ് ട്രയിനിംങ്ങ് പ്രോഗ്രാം**

നവീകരണപ്രവർത്തനങ്ങളിൽ തീക്ഷണതയുള്ള ഒരു നേതൃത്വനിരയെ ഒരുക്കുന്ന പരിശീലന പരിപാടിയായ Zume ന്റെ ജൂലൈ മാസത്തെ ക്ലാസ്സ്

18,19 തിയതികളിൽ പാസ്റ്ററൽ സെന്ററിൽ വെച്ച് നടന്നു. റവ. ഫാ. ഡൊമിനിക് ഐപ്പൻ പറമ്പിൽ, ശ്രീ തോമസ് കുര്യൻ (കോട്ടയം) സോണൽ കോർഡിനേറ്റർ ശ്രീ. ഉമ്മൻ മാത്യം എന്നിവർ നേതൃത്വം നൽകി. 50 പേരാണ് ഈ കൂട്ടായ്മയിൽ പങ്കെടുത്തത്. ഓഗസ്റ്റ് മാസത്തെ പ്രോഗ്രാം 15,16 തിയതികളിലാണ് എന്ന് ഓർമ്മിപ്പിക്കുന്നു.

**ജാഗരണ പ്രാർത്ഥന**

ഓഗസ്റ്റ് മാസത്തെ ജാഗരണ പ്രാർത്ഥന 29-ാം തിയതി വെള്ളിയാഴ്ച വൈകിട്ട് 7.30 മുതൽ രാവിലെ 4.30 വരെ രൂപതാ കത്തീഡ്രൽ ദേവാലയത്തിൽ വെച്ച് നടത്തും. ശുശ്രൂഷകൾക്ക് റവ.ഫാ. തോം കിഴക്കേടത്ത്, റവ. ഫാ. ഡൊമിനിക് ഐപ്പൻ പറമ്പിൽ എന്നിവർ നേതൃത്വം നൽകും.

**സബ്സോൺ സന്ദർശനം**

രൂപതാ സേവനസമിതി അംഗങ്ങൾ സബ്ബ് സോണുകൾ സന്ദർശിച്ച് നേതൃത്വത്തിലുള്ളവരുമായി കൂടികാഴ്ചകൾ നടത്തിക്കൊണ്ടിരിയ്ക്കുന്നു. ജൂൺ 19 ന് മേലാർകോട്, വടക്കഞ്ചേരി, സബ്ബ് സോണിലും 24 ന് മണ്ണാർക്കാട് സബ്ബ്സോണിലും ഓഗസ്റ്റ് 16 ന് കാഞ്ഞിരപ്പുഴ സബ്ബ് സോണിലുമാണ് സന്ദർശനം നടത്തിയത്.

**കൊയ്നോണിയ2014**

കേരളത്തിലെ കരിസ്മാറ്റിക് നവീകരണ രംഗത്ത് മുൻകാലങ്ങളിൽ പ്രവർത്തിച്ചിരുന്നവരെയും ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നവരെയും 2014 സെപ്തംബർ 12 മുതൽ 15 വരെ കളമശ്ശേരി സെന്റ് പോൾസ് ഇന്റർനാഷണൽ സ്കൂളിൽ ഒരുമിച്ച് ചേർക്കുന്നു. കെ.സി.ബി.സി കരിസ്മാറ്റിക് കമ്മീഷന്റെ നേതൃത്വത്തിൽ കെ.എസ്.ടി ആണ് നേതൃത്വം നൽകുന്നത്. നമ്മുടെ സോണിൽ മുൻകാലങ്ങളിൽ പ്രവർത്തിച്ചിരുന്നവരെയും ഇപ്പോൾ നേതൃത്വത്തിലുള്ളവരെയും സ്വാഗതം ചെയ്യുന്നു. രജിസ്ട്രേഷന് സബ്ബ് സോൺ കോർഡിനേറ്ററുമായി ബന്ധപ്പെടുക.

**സോണൽ നേതൃത്വം പിതാവിനോടൊപ്പം**

ജൂലൈ 21 ന് സോണൽ സർവ്വീസ് ടീമും, സബ്ബ് സോൺ കോർഡിനേറ്റർമാരും ഡയറക്ടർ അച്ചനോടൊത്ത് അഭിവന്ദ്യപിതാവിനെ സന്ദർശിച്ച് തിരുനാൾ മംഗളങ്ങൾ നേർന്നു. തുടർന്ന് സോണിലെ എല്ലാ നവീകരണ പ്രവർത്തനങ്ങളെക്കുറിച്ചും പിതാവുമായി സംസാരിച്ചു.

**ഫാ. ഡൊമിനിക് ഐപ്പൻപറമ്പിൽ**

ഡയറക്ടർ







# സെഹിയോൻ ധ്യാനകേന്ദ്രം

**ധ്യാനങ്ങൾ**

| മാസം | തീയതി | ധ്യാനം നയിക്കുന്നത് |
|---|---|---|
| ആഗസ്റ്റ് | 03-08 | വൈദികരുടെ ധ്യാനം<br>ഫാ. സേവ്യർ ഖാൻ വട്ടായിൽ |
| ആഗസ്റ്റ് | 10-15 | ആന്തരികസൗഖ്യ ധ്യാനം<br>ഫാ. ബിനോയ് കരിമരുതിങ്കൽ |
| ആഗസ്റ്റ് | 17-22 | സിസ്റ്റേഴ്സിന്റെ ധ്യാനം<br>ഫാ. ബിനോയ് കരിമരുതിങ്കൽ |
| ആഗസ്റ്റ് | 24-29 | ആന്തരികസൗഖ്യ ധ്യാനം<br>ഫാ. ബിനോയ് കരിമരുതിങ്കൽ |
| ആഗസ്റ്റ് 31 സെപ്തം. 5 | | ആന്തരികസൗഖ്യ ധ്യാനം<br>ഫാ. ബിനോയ് കരിമരുതിങ്കൽ |

സീറ്റുകൾ ബുക്കുചെയ്യുന്നത് ഓൺലൈനിലൂടെ മാത്രം. എല്ലാമാസത്തിന്റെയും ഒന്നാം തീയതി (ഞായർ ഒഴികെ) രാവിലെ 10 മണിക്ക് ബുക്കിംഗ് ആരംഭിക്കും. address: www sehion.in ഫോൺ : 04924 – 327710.

**സെഹിയോൻ കൺവെൻഷൻ**

ആഗസ്റ്റ് 17 പാലക്കാട് ഏകദിന ബൈബിൾ കൺവെൻഷൻ മുൻസിപ്പൽ ടൗൺഹാളിൽ രാവിലെ 9.30 മുതൽ വൈകുന്നേരം 4.00 വരെ.

**സെഹിയോൻ വെബ് ലൈവ്**

സെഹിയോൻ ധ്യാനം കേന്ദ്രം വെബ്ബിലൂടെ ശുശ്രൂഷകൾ ആരംഭിച്ചിരിക്കുന്നു. എല്ലാ ആദ്യ ശനിയാഴ്ചയും രാവിലെ 10 മുതൽ ഉച്ചക്ക് 1 മണിവരെ ശുശ്രൂഷകൾ നടത്തപ്പെടുന്നു. address: www sehion.org/ web TV

**സെഹിയോൻ മൊബൈൽ ആപ്ലിക്കേഷൻ**

ഈ ആപ്ലിക്കേഷൻ ഇന്റർനെറ്റ് കണക്ഷനുള്ള എല്ലാ ഫോണുകളിലും റൺ ചെയ്യുന്നതാണ്. ആൻഡ്രോയ്ഡ് സ്റ്റോർ, ഐഫോൺസ്റ്റോർ എന്നിവയിൽ ഈ ആപ്ലിക്കേഷൻ ലഭ്യമാണ്. കൂടാതെ **www.sehion.org/m** എന്ന അഡ്രസ്സിലും ലഭ്യമാണ്. സെഹിയോൻ ശുശ്രൂഷകളും സഭാത്മക ശുശ്രൂഷകളും സെഹിയോൻ വീഡിയോ ഓഡിയോ പ്രോഗ്രാമുകളും ഇതിലൂടെ ലഭ്യമാണ്.

**ഫാ. സേവ്യർഖാൻ വട്ടായിൽ.**

ഡയറക്ടർ, സെഹിയോൻ മിനിസ്ട്രീസ്

# പി. എസ്. എസ്. പി.

**ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ പി.എസ്.എസ്.പി. ഇടവകകളിലൂടെ ചെയ്യുന്ന പ്രധാന പ്രവർത്തനങ്ങൾ:**

1. JLG : വസ്തുജാമ്യമില്ലാതെ 4/5 പേരടങ്ങുന്ന കർഷകർക്ക് കാർഷിക പ്രവർത്തനങ്ങൾക്കായി 4% പലിശനിരക്കിൽ 3 ലക്ഷം രൂപവരെ വാർഷിക ബാങ്ക് ലോൺ നൽകുന്നു. താത്പര്യമുള്ള കർഷകർ ഉടൻ ബന്ധപ്പെടുക.
2. WSHG : കുടുംബശ്രീ അംഗമല്ലാത്ത സ്ത്രീകളെ 10 പേരടങ്ങുന്ന സംഘങ്ങളാക്കി ശാക്തീകരിച്ച് വരുമാന വർദ്ധനവിനായി ബാങ്കുകളിൽ നിന്ന് വസ്തു ജാമ്യമില്ലാതെ ലോൺ എടുക്കുന്നതിനും കൃത്യമായ മാസതവണകളായി തിരിച്ചടയ്ക്കുന്നതിനും സഹായിക്കുന്നു.
3. KLM : കെ.എൽ.എം. യൂണിറ്റുകളില്ലാത്ത ഇടവകകളിൽ യൂണിറ്റു സ്ഥാപിക്കുകയും എല്ലാ ഇടവകകളിലും ക്ഷേമനിധി, പെൻഷൻ, സ്കോളർഷിപ്പ്, ആരോഗ്യ ഇൻഷൂറൻസ്, വിവാഹ ധനസഹായം തുടങ്ങിയ ആനുകൂല്യങ്ങൾ നേടിയെടുക്കുന്നതിന് അംഗങ്ങളെ പ്രാപ്തരാക്കുകയും ചെയ്യുന്നു.
4. **പരിശീലന പരിപാടികൾ** : തയ്യൽ, ഫാഷൻ ഡിസൈനിംഗ്, ഡ്രൈവിംഗ്, കാറ്ററിംഗ്, ഇലക്ട്രീഷ്യൻ, യന്ത്രമുപയോഗിച്ചുള്ള തെങ്ങുകയറ്റം, സോപ്പും സോപ്പുത്പന്നങ്ങളും, ഗാർഹിക നിത്യോപയോഗ സാധനങ്ങളുടെ നിർമ്മാണം തുടങ്ങി വിവിധ വിഷയങ്ങളിൽ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നു.
   Ph: 0491 2520395, 252027784, 9447020395, 9400299234
5. **ജാക്ക്ഫ്രൂട്ട് മിഷൻ** : പച്ചച്ചക്ക ഉണക്കിയത്, പഴച്ചക്ക ഉണക്കിയത്, ചക്ക ഉപയോഗിച്ചുള്ള ഉണ്ണിയപ്പം, എടനയപ്പം, ചക്കപ്പായസം, തുടങ്ങിയ ഉത്പന്നങ്ങളും ലഭിക്കുന്നതാണ്.
   ബന്ധപ്പെടുക: 94471806679, 9446420395
6. **കൊയ്നോണിയ**: കർഷകർ ഉത്പാദിപ്പിക്കുന്നവ ഇടനിലക്കാരില്ലാതെ നേരിട്ട് വിൽക്കുന്നതിനും വാങ്ങുന്നതിനും  വാഴക്കുല, പച്ചക്കറികൾ എല്ലാം, നാടൻകോഴി, മുയൽ, പോർക്ക്.
   ബന്ധപ്പെടുക : 9446420395, 9447239812

**ജില്ലാ വിമൻസ് ഹെഡ് മീറ്റിംഗ്**

6.8.14 ബുധനാഴ്ച കാലത്ത് 11 മണിക്ക് പി.എസ്.എസ്.പി ഓഫീസിൽ വച്ച് നടത്തപ്പെടുന്നു.





**ബ്ലോക്ക് ഹെഡ് മീറ്റിങ്ങുകൾ**

| തിയതി | ദിവസം | ബ്ലോക്ക് | സ്ഥലം | സമയം |
|---|---|---|---|---|
| 08.08.14 | വെള്ളി | കുഴൽമന്ദം | മാത്തൂർ | 11.00 am |
| 09.08.14 | ശനി | ശ്രീകൃഷ്ണപുരം | ചുണ്ടേക്കാട് | 11.00 am |
| 12.08.14 | ചൊവ്വ | പാലക്കാട്/മലമ്പുഴ | t [mWn kamPw | 10.30 am |
| 13.08.14 | ബുധൻ | മണ്ണാർക്കാട് | കല്ലടിക്കോട് സമാജം | 10.30 am |
| 18.08.14 | തിങ്കൾ | അട്ടപ്പാടി | റീജിയണൽ ഓഫീസ് ഗൂളിക്കടവ് | 11.00 am |
| 20.08.14 | ബുധൻ | നെന്മാറ | നെന്മാറ പാരിഷ്ഹാൾ | 11.00 am |
| 27.08.14 | ബുധൻ | ആലത്തൂർ | F.C.C. വടക്കഞ്ചേരി | 11.00 am |

**റീജിയണൽ ഓഫീസ് ദിവസങ്ങൾ**

| തിയതി | ദിവസം | സ്ഥലം | സമയം |
|---|---|---|---|
| 11.8.14 | തിങ്കൾ | റീജിയണൽ ഓഫീസ് ഗൂളിക്കടവ് | 10.30am to 2.00 pm |
| 18.8.14 | തിങ്കൾ | റീജിയണൽ ഓഫീസ് ഗൂളിക്കടവ് | 10.30am to 2.00 pm |
| 19.8.14 | ചൊവ്വ | സാൻജ്ചോ ടവ്വർ പാലക്കാട് | 10.30am to 2.00 pm |
| 20.8.14 | ബുധൻ | നെന്മാറപാരിഷ് ഹാൾ | 10.30am to 1.00 pm |
| 21.8.14 | വ്യാഴം | കരിമ്പ പാരിഷ്ഹാൾ | 10.30am to 2.00 pm |
| 27.8.14 | ബുധൻ | F.C.C.വടക്കുഞ്ചേരി | 10.30am to 2.00 pm |

**ലീഡേഴ്സ് ട്രെയിനിംഗ്**

സംഘം ലീഡേഴ്സിനുള്ള ഒരു ദിവസത്തെ  പരിശീലനം താഴെ പറയുന്ന സ്ഥലങ്ങളിൽ വച്ച് നടത്തപ്പെടുന്നു.

1.8.14 വെള്ളിയാഴ്ച 10.00am to 1.00 pm : കോങ്ങാട് മണ്ണാത്തറ

4.8.14 തിങ്കളാഴ്ച 10.00am to 1.00 pm : പൊന്നംങ്കോട് പാരിഷ്ഹാൾ

9.8.14 നു ശനിയാഴ്ച 10.00am to 1.00 pm : ചുണ്ടേക്കാട് സമാജം

**ഓണാഘോഷം 2014**

PSSP ജില്ലാ തല ഓണാഘോഷം 3.9.14 നു ബുധനാഴ്ച പാസ്റ്ററൽ സെന്ററിൽ വച്ച് വിവിധ പരിപാടികളോടെ ആഘോഷിക്കുന്നു.

**ബ്ലോക്കുതല ഓണാഘോഷം**

| തിയതി | ദിവസം | സ്ഥലം |
|---|---|---|
| 30.8.14 | ശനി | പാലക്കാട് ബ്ലോക്ക്,ടൗൺ ഓണാഘോഷം |
| 1.9.14 | തിങ്കൾ | അട്ടപ്പാടി, ഗൂളിക്കടവ് റീജിയണൽ ഓഫീസ് |
| 5.9.14 | വെള്ളി | മണ്ണാർക്കാട് ബ്ലോക്ക് |
| 9.9.14 | ചൊവ്വ | പാലക്കാട് ബ്ലോക്ക്, മുണ്ടൂർമേഖല |
| 10.9.14 | ബുധൻ | ആലത്തൂർബ്ലോക്ക്, ഇളവംപാടം. |

**സോപ്പും സോപ്പുല്പന്ന നിർമ്മാണ, വിപണന പരിശീലനം**

നിത്യോപയോഗസാധനങ്ങളായ സോപ്പും, സോപ്പുല്പന്നങ്ങളുടേയും രണ്ടുദിവസത്തെ പരിശീലനം (10 തരം ഉല്പന്നങ്ങൾ) 30 പഠിതാക്കളുള്ള സ്ഥലങ്ങളിൽ വച്ച് പരിശീലിപ്പിക്കുന്നു. ആവശ്യമുള്ളവർ PSSP ഓഫീസുമായി ബന്ധപ്പെടുക.

**മെഡിക്ലെയിം**

ആശുപത്രിയിൽ കിടന്നു ചികിത്സിക്കുമ്പോൾ ചെലവാകുന്ന സംഖ്യ മടക്കി ലഭിക്കുന്ന മെഡിക്ലെയിം പദ്ധതി ഓറിയന്റൽ ഇൻഷുറൻസ് കമ്പനിയുമായി ചേർന്ന് പി.എസ്.എസ്.പി. നടത്തിവരുന്നു. ഒരു വർഷത്തേക്ക് ഒരു വ്യക്തിക്ക് 365 രൂപയും 5 പേരടങ്ങുന്ന കുടുംബത്തിന് 550 രൂപയും 7 പേരടങ്ങുന്ന കുടുംബത്തിന് 700 രൂപയുമാണ് പ്രീമിയം. വർഷം 30000 രൂപ വരെ ആനുകൂല്യം ലഭിക്കും. 20 വയസ് കഴിഞ്ഞ ആൺകുട്ടികളേയും വിവാഹം കഴിഞ്ഞ പെൺകുട്ടികളെയും വെവ്വേറെ ചേർക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് പി.എസ്.എസ്.പി. ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

**നബാർഡ് വനിത സ്വയം സഹായസംഘം (NWSHG)**

കുടുംബശ്രീയിൽ അംഗങ്ങളല്ലാത്ത 10 മുതൽ 20 വരെ സ്ത്രീകളെ ഒരുമിച്ചുകൂട്ടി നബാഡിന്റെ നേതൃത്വത്തിൽ പാലക്കാട് ജില്ലയിൽ എവിടേയും അയൽകൂട്ടങ്ങൾ രൂപീകരിക്കുകയും, ഈ ഗ്രൂപ്പുകളെ തെരഞ്ഞെടുക്കപ്പെട്ട ബാങ്കുമായി ബന്ധപ്പെടുത്തി സ്വയം തൊഴിലിനുവേണ്ടി വായ്പ തരപ്പെടുത്തി കൊടുക്കുകയും ചെയ്യുന്നു. താല്പര്യമുള്ളവർ PSSPഓഫീസുമായി ബന്ധപ്പെടുക. ഈ ഗ്രൂപ്പുകളെ മറ്റു പല തരത്തിലും PSSP സഹായിക്കുകയും ചെയ്യുന്നു.

Ph:9447020395, 04912527784-04912520395, 9947852087





**മതന്യൂനപക്ഷഗ്രൂപ്പുകൾ**

മതന്യൂനപക്ഷങ്ങളിൽ (ക്രിസ്ത്യൻ, മുസ്ലിം, OBC)പ്പെട്ട സ്ത്രീകളുടെ ഗ്രൂപ്പുകളെ പിന്നോക്ക വിഭാഗ വികസന കോർപറേഷനുമായി ബന്ധപ്പെടുത്തി സ്വയം തൊഴിലിനുള്ള വായ്പകൾ തരപ്പെടുത്തി കൊടുക്കുന്നു. ഗ്രൂപ്പുകൾ തുടങ്ങുവാൻ താല്പര്യമുള്ളവർ PSSP ഓഫീസുമായി ബന്ധപ്പെടുക.

Save A Family Plan (SAFP)

**റീജിയണൽ മീറ്റിംഗുകൾ നടത്തി :** സേവ് എ ഫാമിലിയുടെ അട്ടപ്പാടി, ഒറ്റപ്പാലം, ആലത്തൂർ എന്നീ മൂന്ന് റീജിയണുകളിലും റീജിയണൽ ലെവൽ മീറ്റിംഗുകൾ നടത്തി. PSSP പ്രോജക്ട് ഡയറക്ടർ ശ്രീ. കെ.ഡി. ജോസഫ് കുടുംബ ബഡ്ജറ്റ് എന്ന വിഷയം സംബന്ധിച്ച് ക്ലാസ്സുകൾ എടുത്തു. ഗുണഭോക്താക്കൾക്ക് വളരെ ഉപകാരപ്രദമായ ഈ മീറ്റിംഗിൽ അവരുടെ നല്ല പങ്കാളിത്തവും സഹകരണവും ഉണ്ടായിരുന്നു.

EDP Training

ആഗസ്റ്റ് മാസം 27, 28 തിയ്യതികളിലായി സേവ് എ ഫാമിലിയുടെ 2013-14 വർഷങ്ങളിൽ പുതിയതായി തിരഞ്ഞെടുക്കപ്പെട്ട ഒറ്റപ്പാലം, ആലത്തൂർ എന്നീ റീജിയണുകളിലെ 83 കുടുംബങ്ങൾക്ക് ജ്വല്ലറി നിർമ്മാണം, സോപ്പും ഡിറ്റർജന്റ് ഉത്പന്നങ്ങളുടെ നിർമ്മാണം എന്നിവയിൽ 2 ദിവസത്തെ ട്രെയിനിംഗ് നൽകുന്നതാണ്.

**ജൻ ശിക്ഷൻ സൻസ്ഥാൻ പാലക്കാട്**

പീപ്പിൾസ് സർവ്വീസ് സൊസൈറ്റിയുടെ മേൽനോട്ടത്തിൽ കേന്ദ്ര മാനവവിഭവശേഷി വികസന മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ജൻ ശിക്ഷൻ സൻസ്ഥാൻ പാലക്കാട് ജില്ലയുടെ വിവിധ ഭാഗങ്ങളിൽ 2014 ജൂൺ, ജൂലൈ മാസങ്ങളിൽ ആരംഭിച്ച കോഴ്സുകൾ താഴെ കൊടുത്തിരിക്കുന്നു.

| Sl No | Course | Place |
|---|---|---|
| 1 | Tailor | Kalladikode |
| 2 | Tailor | Kinavallur |
| 3 | Tailor | Pombra I & II |
| 4 | Tailor | Thavalam |
| 5 | Tailor | Jellipara |
| 6 | Tailor | Mavinkundu |
| 7 | Tailor | Gonjiyur |
| 8 | Tailor | Varakampady |

| | | |
|---|---|---|
| 9 | Tailor | Vattlakky |
| 10 | Tailor | Athikode |
| 11 | Tailor | Mullainagar |
| 12 | Tailor | Puthenthara |
| 13 | Tailor | Mathur |
| 14 | Tailor | Cheramangalam |
| 15 | Tailor | Meetna |
| 16 | Tailor | Koriyarchalla I & II |
| 17 | Rexene | Erattakulam |

**ഫാ. ജേക്കബ് മാവുങ്കൽ**
എക്സി. സെക്രട്ടറി, പി.എസ്.എസ്.പി.

# കേരള ലേബർ മൂവ്മെന്റ് (KLM)

**പുതിയ യൂണിറ്റുകൾ:**
പൂഞ്ചോല, നിരവ്, നീതിപുരം, VRT, കാരാകുറിശ്ശി, ശ്രീകൃഷ്ണപുരം, അകമലവാരം, ആനക്കൽ, അലനല്ലൂർ.
ഓരോ ഇടവകയോടുചേർന്ന് പ്രവർത്തിച്ചുവരുന്ന എല്ലാ കെ.എൽ.എം. യൂണിറ്റുകൾക്കും ആശംസകൾ! പ്രദേശവാസികളായ എല്ലാവരുടെയും ഉന്നമനത്തിനും സാമൂഹ്യസുരക്ഷയ്ക്കുമായി വിശിഷ്യാ വിദ്യാഭ്യാസ-ആരോഗ്യ-കാർഷിക പരിശീലന പ്രവർത്തനങ്ങളിലൂടെ സ്ഥിരവരുമാന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന ചാലക ശക്തിയായി (Social Action Group) പ്രവർത്തിക്കുവാൻ ഈ യൂണിറ്റുകൾക്ക് സാധിക്കട്ടെ.

**ആഗസ്റ്റ് മാസത്തെ പ്രധാന പ്രവർത്തനങ്ങൾ:**

**ഓറിയന്റേഷൻ ക്ലാസ്സും യൂണിറ്റു രൂപീകരണവും:**

| | |
|---|---|
| 10.08.14 ഞായർ | : തിരുവിഴാംകുന്ന് |
| 17.08.14 | : യുവക്ഷേത്ര, മുണ്ടൂർ |
| 24.08.14 | : കത്തീഡ്രൽ |

**വൈദികർക്കായുള്ള സംസ്ഥാനതല പരിശീലന പരിപാടി :**
ഓരോ രൂപതയിൽ നിന്നും 5 വൈദികർക്ക് കെ.എൽ.എം. സംസ്ഥാന സമിതി സാമൂഹ്യ സുരക്ഷാ പദ്ധതികളെക്കുറിച്ച് ചങ്ങനാശ്ശേരിയിൽവെച്ച് ആഗസ്റ്റ് 26, 27, 28 തിയ്യതികളിൽ പരിശീലനം നൽകുന്നു.

**ഫാ. ജേക്കബ് മാവുങ്കൽ**
ഡയറക്ടർ





# From the Bishop's Diary

**2014 ജൂൺ**

28 – പൊൽപ്പുള്ളി സെറാഫിക് നോവിഷ്യേറ്റ് ഹൗസിൽ നോവീസ്സസിന് ക്ലാസ്സെടുത്തു.

– മേപ്പറമ്പ് സി.എസ്.ഐ. പള്ളി ഇടവകാംഗമായ ശ്രീ. പീറ്റർ സത്യനാഥന്റെ മൃതദേഹത്തിൽ ഒപ്പീസുപാടി.

29 – തിരുവിഴാംകുന്ന് സേക്രട്ട് ഹാർട്ട് ദൈവാലയത്തിൽ തിരുഹൃദയ തിരുനാളിനോടിനനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു.

30 – മേഴ്സികോളേജിന്റെ സുവർണ്ണജൂബിലി ആഘോഷങ്ങളുടെ സമാപനത്തോടനുബന്ധിച്ച് കോൺവെന്റ് ചാപ്പലിൽ വി. കുർബാനയർപ്പിച്ചു.

– പാലന ആശുപത്രിയുടെ ട്രസ്റ്റീസ് കൗൺസിൽ മീറ്റിംഗിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

**2014 ജൂലൈ**

1 – രൂപതാ കാര്യാലയത്തിൽ രൂപതാ കർഷകജാഗ്രതാസമിതിയുടെ മീറ്റിംഗിൽ ആദ്ധ്യക്ഷ്യംവഹിച്ചു.

– രൂപതാ കാര്യാലയത്തിൽ യുവക്ഷേത്ര ട്രസ്റ്റ് മീറ്റിംഗിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

2 – കണ്ണാടി ഹോളിഫാമിലി ഡീ-അഡിക്ഷൻ സെന്റർ സന്ദർശിച്ചു. ചികിത്സയിൽ കഴിയുന്നവർക്ക് സന്ദേശം നൽകി.

3 – കൊടുവായൂർ സെന്റ് തോമസ് പള്ളിയുടെ ദശവാർഷികത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു. പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു.

4 – ജർമ്മനിക്ക് പുറപ്പെട്ടു.

15 – ജർമ്മനിയിൽനിന്ന് തിരിച്ചെത്തി.

16 – കാക്കനാട് മൗണ്ട് സെന്റ് തോമസിൽ പെർമനന്റ് സിനഡ് സമ്മേളനത്തിൽ സംബന്ധിച്ചു.

17 – കാക്കനാട് മൗണ്ട് സെന്റ് തോമസിൽ കാറ്റികിസം കമ്മീഷൻ മീറ്റിംഗിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

18 – മലമ്പുഴ കൃപാസദൻ വൃദ്ധമന്ദിരം സന്ദർശിച്ചു.

19 – മേഴ്സികോളേജിൽ സി.ആർ.ഐ. സമ്മേളനം ഉദ്ഘാടനം ചെയ്തു.

– മാങ്കുറിശ്ശി സെന്റ് പീറ്റർ ഇടവകയിൽ ബഹു. അബ്രാഹം പാലത്തിങ്കലച്ചന്റെ പിതാവിന്റെ മൃതദേഹ സംസ്കാര ശുശ്രൂഷയ്ക്ക് കാർമ്മികത്വം വഹിച്ചു.

20 – ത്രിത്വമല ഹോളിട്രിനിറ്റി ദൈവാലയത്തിൽ വി.കുർബാനയർപ്പിച്ചു. പൊതുയോഗത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

21 – മുണ്ടൂർ യുവക്ഷേത്ര കോളേജിൽ പുതിയ അധ്യയനവർഷത്തിന്റെ ഉദ്ഘാടനത്തോടനുബന്ധിച്ച് നടന്ന സമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

22 – മംഗലംഡാം സെന്റ് സേവ്യേഴ്സ് ഫൊറോന ദൈവാലയം സന്ദർശിച്ചു.

23 – രൂപതാകാര്യാലയത്തിൽ തിരുനാൾ മംഗളങ്ങൾ നേരാൻ വന്നവരെ സ്വീകരിച്ചു.

24 – രൂപതാകാര്യാലയത്തിൽ വൈദികരുടെ മാസധ്യാനത്തിൽ സംബന്ധിച്ചു.

– രൂപതാകാര്യാലയത്തിൽ സുൽത്താൻപേട്ട് രൂപതാ മെത്രാൻ റൈറ്റ് റവ. അന്തോണിസ്വാമി പീറ്റർ അബീറിന് രൂപതാവൈദികഗണം ഔദ്യോഗിക സ്വീകരണം നൽകി.

25 – റൂബിജൂബിലിയോടനുബന്ധിച്ച് ഹോംമിഷൻ നടത്തിയ സിസ്റ്റേഴ്സിന്റെ പ്രവർത്തനാവലോകനസമ്മേളനം രൂപതാകാര്യാലയത്തിൽ നടന്നു. അതിൽ സംബന്ധിച്ച് സന്ദേശം നൽകി.

26 – പുതുതായി നിർമ്മിച്ച മംഗലംഡാം സെന്റ് സേവ്യേഴ്സ് ഫൊറോന ദൈവാലയം ആശീർവദിച്ച് വി. കുർബാനയർപ്പിച്ചു.

27 – ഫോർട്ട്കൊച്ചി കൂവപ്പാടം ഇടവകയിൽ വി. അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു.

28 – പി.ഒ.സി.യിൽ വെച്ചുനടന്ന CHAI Kerala യുടെ എക്സിക്യൂട്ടീവ് സമ്മേളനത്തിൽ സംബന്ധിച്ചു.

29 – കാക്കനാട് മൗണ്ട് സെന്റ് തോമസിൽ കാറ്റികിസം രൂപതാ ഡയറക്ടർമാരുടെ മീറ്റിംഗിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

– തൃശ്ശൂർ ചിയാരം വിജയമാതാ ഇടവകയിൽ രോഗീസന്ദർശനം നടത്തി.








**വ**ർഷം മുഴുവൻ ചക്ക വിഭവങ്ങൾ കഴിക്കുന്നതിനും ചക്ക സംസ്ക്കരിച്ച് വർഷം മുഴുവൻ സൂക്ഷിക്കുന്നതിനുമായി പീപ്പിൾസ് സർവ്വീസ് സൊസൈറ്റി, പാലക്കാട് സംസ്ക്കരിച്ച ചക്ക പായ്ക്ക് ചെയ്ത് വിപണിയിലെത്തിക്കുന്നു. ഉല്പന്നങ്ങൾ വിപണിയിലെത്തിക്കുന്നതിന്റെ ഉദ്ഘാടനം പാലക്കാട് രൂപതാദ്ധ്യക്ഷൻ മാർ ജോക്കബ് മനത്തോടത്ത് നിർവ്വഹിച്ചു. ഒരു ചക്കയുടെ പകുതിയാണ് 250g പായ്ക്കറ്റിൽ പാചകത്തിന് തയ്യാറാക്കിയ രൂപത്തിൽ ലഭിക്കുന്നത്. പഴുത്ത ചക്കയും ചക്കക്കുരുവും വ്യത്യസ്ത പായ്ക്കറ്റുകളിലും ലഭ്യമാണ്. ചക്കയുടെ സംസ്ക്കരണവും ഉപഭോഗവും പ്രചരിപ്പിക്കുന്നതിനായി പീപ്പിൾസ് സർവ്വീസ് സൊസൈറ്റി, പാലക്കാട് Jack Fruit Mission എന്ന ഒരു പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി ജില്ലയിൽ 4 സംസ്ക്കരണ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. ഇതിലെ ഉല്പന്നങ്ങളാണ് PSSP വിപണനം ചെയ്യുന്നത്. പാലക്കാട് KSRTC യ്ക്ക് എതിർവശം സാൻജോ ടവ്വറിൽ പ്രവർത്തിക്കുന്ന ' കൊയ്നോണിയ' സൂപ്പർമാർക്കറ്റിൽ ചക്ക ഉല്പന്നങ്ങൾ ലഭ്യമാണ്.

ഫോൺ : **9446420395, 9447180679**

